# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കടപ്ര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAD/PTA/P4/1163/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 08/12/2023
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കടപ്ര ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കടപ്ര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കടപ്ര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAD/PTA/P4/1163/2023 തീയ്യതി: 08/12/2023

## പത്തനംതിട്ട ജില്ലയിലെ കടപ്ര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ കടപ്ര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-12-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 28-11-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സ്നിഗ്ദ്ധ എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 21-11-2023 | 29-11-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-11-2023 | 29-11-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. അനിൽകുമാർ റ്റി., ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)

ശ്രീമതി സൂര്യപ്രഭ പി.സി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി ദീപ എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി ലേഖാ ജനാർദ്ദനൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി സാജിതാ സലിം, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി നിഷ അശോകൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ മുജീബ് റഹ്മാൻ | സെക്രട്ടറി | 01-04-2022 | 22-05-2022 |
| ശ്രീ അനസ് വൈ | സെക്രട്ടറി | 23-05-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബിന്ദു സി | അസ്സിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ മാർട്ടിൻ ആന്റണി | അസ്സിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ഡോ. ലക്ഷ്മി ദിവാകരൻ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2022 | 31-03-2023 |
| ഡോ.ജിസ്സ് മേരി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 30-06-2022 |
| ഡോ.മിനി ജെ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-07-2022 | 22-12-2022 |
| ഡോ.ജിസ്സ് മേരി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 23-12-2022 | 31-03-2023 |
| ഡോ.ഷാമില | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2022 | 17-04-2022 |
| ഡോ. നിഷ എൻ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 18-04-2022 | 31-03-2023 |
| ശ്രീ വിശ്വനാഥൻ.കെ | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീ റോയി ഐസക് | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി പുഷ്പകുമാരി എൽ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 15-01-2023 |
| ഡോ.രഞ്ചിനി എം യു | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 16-01-2023 | 31-03-2023 |
| ശ്രീമതി മിനി ഫിലിപ്പ് | ഹെഡ്മിസ്ട്രസ്സ് (ചാർജ്) | 01-04-2022 | 30-06-2022 |
| ശ്രീമതി രശ്മി ആർ നായർ | ഹെഡ്മിസ്ട്രസ്സ് | 01-07-2022 | 31-03-2023 |
| ശ്രീമതി പ്രിൻസി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി ദീപ റ്റി കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി ആതിര ആർ എൽ | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ ശ്രീകുമാർ ജെ | ഫിഷറീസ് ഓഫീസർ | 01-04-2022 | 02-01-2023 |
| ശ്രീമതി രഞ്ചിനി പി കെ | ഫിഷറീസ് ഓഫീസർ | 03-01-2023 | 30-01-2023 |
| ശ്രീമതി ശിൽപാ പ്രദീപ് | ഫിഷറീസ് ഓഫീസർ | 31-01-2023 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ആസ്തികളുടെ അക്കൗണ്ടിംഗ് കൃത്യമല്ല | 1-1-3 |
| 5 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-4 |
| 6 | കാപ്പിറ്റൽ കോൺട്രിബ്യൂഷൻ– അക്കൗണ്ടിംഗ് കൃത്യമല്ല | 1-1-5 |
| 7 | സ്പെസിഫിക് പർപ്പസ് ഗ്രാന്റുകൾ–നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കുവാൻ രേഖകളില്ല | 1-1-6 |
| 8 | ലൈഫ് ലോൺ നീക്കിയിരിപ്പ് കൃത്യമല്ല | 1-1-7 |
| 9 | MGNREGS- തൊഴിലാളികളുടെ വേതനം വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-8 |
| 10 | ഡിപ്രീസിയേഷൻ അക്കൗണ്ടിംഗ് കൃത്യമല്ല | 1-1-9 |
| 11 | ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ്- ചെലവ് തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | ബാങ്ക് റീക്കൺസിലിയേഷൻ കൃത്യമല്ല | 1-1-11 |
| 13 | മാർക്കറ്റ് വരവ്-അക്കൗണ്ടിംഗ് കൃത്യമല്ല | 1-1-12 |
| 14 | വാടക ഡിമാന്റ്, കളക്ഷൻ– അക്കൗണ്ടിംഗ് കൃത്യമല്ല | 1-1-13 |
| 15 | ബാധ്യത ഹെഡുകൾ–അക്കൗണ്ടിംഗിന്റെ കൃത്യത പരിശോധിക്കുവാൻ രേഖകൾ സൂക്ഷിച്ചിട്ടില്ല | 1-1-14 |
| 16 | ബാധ്യതാ ഹെഡിലെ തുകയും ബന്ധപ്പെട്ട ബാങ്ക്/ട്രഷറി ഹെഡിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-15 |
| 17 | ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്-തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-16 |
| 18 | വസ്തു നികുതി- ഡിമാന്റ്, കളക്ഷൻ, ബാലൻസ് സഞ്ചയ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല | 1-1-17 |
| 19 | മുൻകൂറുകൾ, വിനിയോഗ സാക്ഷ്യപത്രം വാങ്ങി ബന്ധപ്പെട്ട ഹെഡിലേയ്ക്ക് മാറ്റിയിട്ടില്ല | 1-1-18 |
| 20 | ബജറ്റ് | 1-2 |
| 21 | സാമ്പത്തിക വിശകലനം | 1-3 |
| 22 | ഗ്രാന്റ് വിനിയോഗം | 1-4 |
| 23 | പദ്ധതി അവലോകനം | 1-5 |
| 24 | ദേശീയ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 25 | ക്ഷേമ പദ്ധതികൾ | 1-7 |
| 26 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 27 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 28 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 29 | രസീതുബുക്കുകളുടെ പരിപാലനം - അപാകതകൾ | 1-11 |
| 30 | തനത് വിഭവ സമാഹരണം - അവലോകനം | 1-12 |
| 31 | വസ്തു നികുതി നിർണ്ണയം - അപാകതകൾ | 1-13 |
| 32 | തൊഴിൽ നികുതി പിരിവ് പൂർണമല്ല | 1-14 |
| 33 | ലൈസൻസ് ഫീസ് പിരിവിലെ അപാകതകൾ | 1-15 |
| 34 | വാടക-ബൈലോ തയ്യാറാക്കിയിട്ടില്ല | 1-16 |
| 35 | ധനകാര്യ കമ്മീഷൻ(ടൈഡ്) ഗ്രാന്റ് തനത് ഫണ്ടിലേയ്ക്ക് റീക്ലപ്പ് ചെയ്തു | 1-17 |

| | | |
|---|---|---|
| 36 | സംയുക്ത പദ്ധതി- വാർഷിക കണക്കും ട്രഷറി അക്കൗണ്ടിലെ നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം 50.54 ലക്ഷം രൂപ | 1-18 |
| 37 | സംയുക്ത പദ്ധതി- ട്രഷറി അക്കൗണ്ടിൽ നിഷ്ക്രിയമായി ശേഷിക്കുന്നത് 63.05 ലക്ഷം രൂപ | 1-19 |
| 38 | ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റ്-വിനിയോഗം അലോട്ട്മെന്റിന്റെ 12% | 1-20 |
| 39 | പ്രവർത്തന ഫണ്ടില്ല; അഗതി രഹിത കേരളം പദ്ധതി നിർജ്ജീവം | 1-21 |
| 40 | പരേതർക്കും ക്ഷേമപെൻഷൻ വിതരണം ചെയ്തു - പൊതു ഖജനാവിന് 260600 രൂപയുടെ നഷ്ടം | 1-22 |
| 41 | ഹോമിയോ ഹോസ്പിറ്റൽ കെട്ടിട നിർമ്മാണം - 32.4 ലക്ഷം ചെലവഴിച്ച പദ്ധതി മുടങ്ങി കിടക്കുന്നു | 1-23 |
| 42 | ഹോമിയോ ആശുപത്രിയുടെ വാടകയും കറണ്ട് ചാർജ്ജും നൽകുന്നില്ല; പഞ്ചായത്തിന് ലക്ഷങ്ങളുടെ ബാധ്യത | 1-24 |
| 43 | ഹോമിയോ ആശുപത്രി ഇലക്ട്രിഫിക്കേഷൻ – പൊതു പണത്തിന്റെ ധൂർത്ത് | 1-25 |
| 44 | ഓഫീസ് ഫർണിഷിംഗ് പ്രവൃത്തി; കരാർ സ്ഥാപനത്തിന് ബിൽ തുക നൽകിയില്ല – പഞ്ചായത്ത് നിയമക്കുരുക്കിൽ | 1-26 |
| 45 | 16 ലക്ഷം രൂപ ചെലവഴിച്ച് സ്ഥാപിച്ച ആധുനിക ശ്മശാനം പഞ്ചായത്ത് മാലിന്യ സംഭരണ കേന്ദ്രമാക്കി | 1-27 |
| 46 | പഞ്ചായത്ത് ഹാൾ നവീകരണം - ഗുണപരമല്ലാത്ത നിർവ്വഹണം | 1-28 |
| 47 | കരാർ വെച്ച പ്രവൃത്തികൾ കാരണം കൂടാതെ ഉപേക്ഷിച്ചു | 1-29 |
| 48 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ വീഴ്ച – 0.59 കോടി രൂപയുടെ പദ്ധതികൾ നടപ്പായില്ല | 1-30 |
| 49 | മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കിയില്ല | 1-31 |
| 50 | മരാമത്ത് പ്രവൃത്തികളുടെ ഭാഗമായി പൊളിച്ചു നീക്കിയ റൂഫിംഗ് ഷീറ്റുകൾ കൈയ്യൊഴിച്ചില്ല | 1-32 |
| 51 | വെള്ളക്കരം- ഉപയോഗശൂന്യമായ പൊതുടാപ്പുകൾ നീക്കം ചെയ്തില്ല | 1-33 |
| 52 | തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചിട്ടില്ല | 1-34 |
| 53 | മുറ്റത്തൊരു മീൻതോട്ടം- പദ്ധതിനിർവഹണത്തിലെ അപാകതകൾ | 1-35 |
| 54 | വനിതാഘടക പദ്ധതി-പദ്ധതിനിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 1-36 |
| 55 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തം | 1-37 |
| 56 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ പദ്ധതി നിർവ്വഹണത്തിൽ വീഴ്ച | 1-38 |
| 57 | വീട് വാസയോഗ്യമാക്കൽ - (പട്ടിക ജാതി) – മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ പണി നടത്തിയില്ല | 1-39 |
| 58 | അങ്കണവാടി പോഷകാഹാര പദ്ധതി - കേന്ദ്ര വിഹിതം പൂർണ്ണമായും ചെലവഴിക്കാതെ അവശേഷിക്കുന്നു | 1-40 |
| 59 | ലൈബ്രറി സെസ് അടവാക്കിയില്ല | 1-41 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | വിദ്യാഭ്യാസ സ്ഥാപനത്തിന് സബ്സിഡി അനുവദിച്ചത് ക്രമവിരുദ്ധം | 3-1 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4- 5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |

| | | |
|---|---|---|
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കെ.എസ്.എ.ഡി. ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെൻറ്/ കേന്ദ്ര ഗവൺമെൻറ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 28/07/23-ലെ 1(1) നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 29-07-2023 ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കടപ്ര ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെൻറ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടുകൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കടപ്ര ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

പത്തനംതിട്ട ഡെപ്യൂട്ടി ഡയറക്ടർ
08/12/2023

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

കേരള പഞ്ചായത്ത്രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ 2011, ചട്ടം 62 പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നീ പത്രികകൾ വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപെടുന്നില്ല

ക്യാഷ്ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ്ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ക്യാഷ്ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 10871323 രൂപയാണ്. എന്നാൽ ഈ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (-)3827176 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-1-3 ആസ്തികളുടെ അക്കൗണ്ടിംഗ് കൃത്യമല്ല

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല. വാർഷിക കണക്ക് പ്രകാരം ആസ്തികളെ ഉൽപാദനം, സേവനം, ഇൻഫ്രാസ്ടക്ച്ചർ, എന്നിങ്ങനെ വർഗ്ഗീകരിച്ചിട്ടുണ്ടെങ്കിലും ഈ രീതിയിലുള്ള ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല എന്നതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.

## 1-1-4 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) ഡി അനുസരിച്ച് 1/4/2022 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2022-23 വർഷം അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. കൂടാതെ പ്രതിമാസം തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമായിരുന്നു. "110100101-Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒറ്റത്തവണമാത്രം(31.03.2023) രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു.

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമ പ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും സഞ്ചയ സോഫ്റ്റ്‌വെയറുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-1-5 കാപ്പിറ്റൽ കോൺട്രിബ്യൂഷൻ- അക്കൗണ്ടിംഗ് കൃത്യമല്ല

മെയിന്റനൻസ് ഗ്രാന്റ്(റോഡ്) ഉപയോഗിച്ച് ആസ്തികളുടെ മെയിന്റനൻസിനായി വിനിയോഗിച്ച 7650715 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഹെഡിൽ(312100301) അക്കൗണ്ട് ചെയ്തു.

## 1-1-6 സ്പെസിഫിക് പർപ്പസ് ഗ്രാന്റുകൾ-നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കുവാൻ രേഖകളില്ല

സ്പെസിഫിക് പർപ്പസ് ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ബി-4 ഷെഡ്യൂളിൽ നീക്കിയിരിപ്പ് കാണിച്ചിരിക്കുന്ന സ്പെസിഫിക് പർപ്പസ് ഗ്രാന്റുകളുടെ കൃത്യത പരിശോധിക്കുന്നതിന് സാധിക്കുന്നില്ല. സംയുക്ത പദ്ധതി ട്രഷറി അക്കൗണ്ടിൽ നീക്കിയിരിപ്പ് കാണിച്ചിരിക്കുന്ന തുക ബി4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

## 1-1-7 ലൈഫ് ലോൺ നീക്കിയിരിപ്പ് കൃത്യമല്ല

ലൈഫ് ലോൺ മുതൽ തിരിച്ചടവ് ഇനത്തിൽ ഒടുക്കുവാൻ ബാക്കിയുള്ള തുക( 6719329) അക്കൗണ്ട് ചെയ്തിരിക്കുന്നത് കൃത്യമല്ല, 5925211 രൂപയാണ് ക്രമീകരിക്കുവാൻ ബാക്കിയുള്ളത്.

## 1-1-8 MGNREGS- തൊഴിലാളികളുടെ വേതനം വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

NREGS- തൊഴിലാളികളുടെ കൂലി ഇനത്തിൽ സാമ്പത്തിക വർഷം 17040819 രൂപ ചെലവുണ്ട്. എന്നാൽ പ്രസ്തുത ചെലവ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ആകെ ചെലവ് റവന്യൂ വരവായി ഷെഡ്യൂൾ I-6 ൽ അക്കൗണ്ട് ചെയ്തിട്ടില്ല.

## 1-1-9 ഡിപ്രീസിയേഷൻ അക്കൗണ്ടിംഗ് കൃത്യമല്ല

റോഡ് ആസ്തികളുടെ ഡിപ്രീസിയേഷൻ അക്കൗണ്ട് ചെയ്തിരിക്കുന്നത് കൃത്യമല്ല. ഇത് ആസ്തിമൂല്യവുമായി പൊരുത്തപ്പെടുന്നില്ല

**1-1-10 ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ്- ചെലവ് തുകകൾ പൊരുത്തപ്പെടുന്നില്ല**

ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് -സാംഖ്യ, സുലേഖ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ചെലവ് തുകകൾ തമ്മിൽ 25000 രൂപയുടെ വ്യത്യാസം ഉണ്ട്. ആയത് ക്രമീകരിച്ചിട്ടില്ല.

**1-1-11 ബാങ്ക് റീക്കൺസിലിയേഷൻ കൃത്യമല്ല**

ധനകാര്യ കമ്മീഷൻ ഗ്രാന്റ് നിക്ഷേപിച്ചിരിക്കുന്ന ഇൻഡ്യൻ ഓവർസീസ് ബാങ്ക് അക്കൗണ്ടിന്റെ റീക്കൺസിലിയേഷൻ തയ്യാറാക്കിയിരിക്കുന്നത് കൃത്യമല്ല. 30/04/22-ന് Directly Debited By Bank ആയി 39724 രൂപ റീക്കൺസിലിയേഷനിൽ കാണിച്ചിട്ടുണ്ട്. ബാങ്ക് അക്കൗണ്ടിൽ നിന്നും ഇപ്രകാരം പിൻവലിക്കൽ നടന്നിട്ടില്ല. ഇ-ഗ്രാം സ്വരാജ് പ്രകാരമുള്ള കണക്കുകളും ബാങ്ക് അക്കൗണ്ടും തമ്മിലുള്ള 25000 രൂപയുടെ വ്യത്യാസം റീക്കൺസിലിയേഷനിൽ പ്രതിഫലിക്കുന്നുമില്ല.

**1-1-12 മാർക്കറ്റ് വരവ്-അക്കൗണ്ടിംഗ് കൃത്യമല്ല**

മാർക്കറ്റ് വരവ് ഇനത്തിൽ തൻവർഷത്തെ ഡിമാന്റും കളക്ഷനും 175450 രൂപയാണ്. ഇത് കൃത്യമായി അക്കൗണ്ട് ചെയ്തില്ല. ഈ തുക 2021-22 വർഷത്തെ വരവായാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. 2023-24 വർഷം മാർക്കറ്റ് ലേലം ഇനത്തിൽ അഡ്വാൻസ് കളക്ഷൻ ആയി ലഭിച്ച 114250 രൂപയും ബന്ധപ്പെട്ട ഹെഡിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

**1-1-13 വാടക ഡിമാന്റ്, കളക്ഷൻ- അക്കൗണ്ടിംഗ് കൃത്യമല്ല**

2022-23 വർഷത്തെ വാടക ഇനത്തിലുള്ള ഡിമാന്റ്, കളക്ഷൻ തുക 256908 രൂപയാണ്. എന്നാൽ വാർഷിക കണക്ക് പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ തുക 246828 രൂപയാണ്

**1-1-14 ബാധ്യത ഹെഡുകൾ-അക്കൗണ്ടിംഗിന്റെ കൃത്യത പരിശോധിക്കുവാൻ രേഖകൾ സൂക്ഷിച്ചിട്ടില്ല**

ഷെഡ്യൂൾ ബി-9: ബാധ്യത ഹെഡുകളിൽ ഉൾപ്പെട്ടിട്ടുള്ള തുകകളുടെ കൃത്യത പരിശോധിച്ച് ബോധ്യപ്പെടുന്നതിനാവശ്യമായ രജിസ്റ്ററുകളും രേഖകളും സൂക്ഷിച്ചിട്ടില്ല. അഡ്വാൻസ് കളക്ഷൻ സംബന്ധിച്ച് ഡിമാന്റ് രജിസ്റ്ററുകളിൽ രേഖപ്പെടുത്തലുകളില്ല.

**1-1-15 ബാധ്യതാ ഹെഡിലെ തുകയും ബന്ധപ്പെട്ട ബാങ്ക്/ട്രഷറി ഹെഡിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല**

ഐ.സി.ഡി.എസ്. സെൻട്രൽ ഷെയർ, ജോയിന്റ് വെൻച്വർ അക്കൗണ്ട് എന്നിവയുടെ ബി4 ഷെഡ്യൂൾ പ്രകാരമുള്ള ബാധ്യതാ ഹെഡിലെ നീക്കിയിരിപ്പ് തുകയും ബന്ധപ്പെട്ട ബാങ്ക്/ട്രഷറി ഹെഡിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഇനം | ബി4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പുള്ള തുക | ബാങ്ക്/ട്രഷറി ഹെഡിലെ നീക്കിയിരിപ്പ് |
|---|---|---|
| ഐ.സി.ഡി.എസ്. സെൻട്രൽ ഷെയർ | 627853 | 513992 |
| സംയുക്ത പദ്ധതി, ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് വിഹിതം | 11359970 | 6305439 |

**1-1-16 ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്-തുകകൾ പൊരുത്തപ്പെടുന്നില്ല**

വാർഷിക കണക്ക് പ്രകാരം 2022-23 വർഷം ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ഇനത്തിൽ അക്കൗണ്ട് ചെയ്തിരിക്കുന്നത് 732150 രൂപയാണ്. എന്നാൽ അസിസ്റ്റന്റ് എൻജിനീയർ ലഭ്യമാക്കിയ സാക്ഷ്യപ്പെടുത്തിയ രേഖകൾ പ്രകാരം തൻവർഷം പാർട്ട് പേയ്മെന്റ് നൽകിയ തുക 866523 രൂപയാണ്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-17 വസ്തു നികുതി- ഡിമാന്റ്, കളക്ഷൻ, ബാലൻസ് സഞ്ചയ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല

വസ്തുനികുതി- ഡിമാന്റ് (ഷെഡ്യൂൾ I-1), കളക്ഷൻ (ഷെഡ്യൂൾ RP-43), നീക്കിബാക്കി (ഷെഡ്യൂൾ B-15) തുകകൾ സഞ്ചയ സോഫ്റ്റ്‌വെയറിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

### 1-1-18 മുൻകൂറുകൾ, വിനിയോഗ സാക്ഷ്യപത്രം വാങ്ങി ബന്ധപ്പെട്ട ഹെഡിലേയ്ക്ക് മാറ്റിയിട്ടില്ല

വാർഷിക ധനകാര്യ പത്രിക ഷെഡ്യൂൾ ബി-18 (Loans, Advance & Deposit) പ്രകാരം 8757916 രൂപ ക്രമീകരിക്കുവാൻ അവശേഷിക്കുന്നു. ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം വാങ്ങി ബന്ധപ്പെട്ട ഹെഡിലേയ്ക്ക് മാറ്റിയിട്ടില്ല

## 1-2 ബജറ്റ്

2022-23 വർഷത്തെ പഞ്ചായത്ത് ഭരണസമിതിയുടെ 22.03.2022ലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം ബജറ്റ് അംഗീകരിച്ചു. 20.03.2023-ലെ 1-ാം നമ്പർ തീരുമാന പ്രകാരം പരിഷ്കരിച്ച ബജറ്റും അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകളും, റെസീറ്റ് & പേയ്മെന്റ് പത്രിക (R&P), ഇൻകം & എക്സ്പെൻഡിച്ചർ പത്രിക എന്നിവ പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് | റെസീറ്റ് & പേയ്മെന്റ് പത്രിക | ഇൻകം &എക്സ്പെൻഡിച്ചർ പത്രിക |
|---|---|---|---|
| മുന്നിരിപ്പ് | 21006097 | 13428974 | |
| വരവ് | 148825600 | 45877493 | 92633901 |
| ആകെ | 169831697 | 59306467 | 92633901 |
| ചെലവ് | 155678000 | 35006170 | 95935127 |
| നീക്കിയിരിപ്പ് | 14153697 | 24300297 | |

ബജറ്റ് പ്രകാരം 14.88കോടി രൂപയുടെ പ്രതീക്ഷിത വരവും 15.56 കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. ഗ്രാമപ്പഞ്ചായത്തിന്റെ 2022-23 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക (I&E) പ്രകാരം വരുമാനം 9.263 കോടി രൂപയും ചെലവ് 9.593 കോടി രൂപയുമാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ- 214 ൽ വ്യവസ്ഥ ചെയ്തിരിക്കുന്നത് പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി കഴിയുന്നത്ര വാസ്തവികമായ രീതിയിൽ ബജറ്റ് തയ്യാറാക്കാൻ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്. സെക്ഷൻ-215 പ്രകാരം ബജറ്റ് അംഗീകരിക്കുന്നതിന് നിയമപരമായ നടപടിക്രമങ്ങൾ എല്ലാം കൃത്യമായി പാലിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് ഭരണസമിതി ഉറപ്പാക്കേണ്ടതാണ്. കാര്യക്ഷമമായ വിഭവ സമാഹരണത്തിനും, വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട അനിവാര്യവും പൊതുവുമായ ചുമതലാ നിർവ്വഹണത്തിനും, ഇതിലുൾപ്പെട്ട പ്രോജക്ടുകളുടെ സമയബന്ധിതവും ഗുണകരവുമായ നിർവ്വഹണം ഉറപ്പാക്കുന്നതിനുമുള്ള ഒരുപാധി എന്ന നിലയിൽ ബജറ്റ് പ്രയോജനപ്പെടുത്തുവാൻ പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| ഇനം | റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം | ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 13428974 | |
| ഓഡിറ്റ് വർഷത്തെ വരവ് | 45877493 | 92633901 |
| ആകെ വരവ് | 59306467 | 92633901 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 35006170 | 95935127 |
| നീക്കിയിരിപ്പ് | 24300297 | |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (അലോട്ട്മെന്റ് ലഭിച്ചത്) | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 14029290 | 14029290 | 11621474 | 2407816 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 6491000 | 6491000 | 5823897 | 667103 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 771364 | 3696000 | 4467364 | 476520 | 3990844 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) ക്യാരി ഓവർ വിഹിതം | 0 | 1974299 | 1974299 | 1248235 | 726064 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്) | 952427 | 2578480 | 3530907 | 2784739 | 746168 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്) ക്യാരി ഓവർ വിഹിതം | 0 | 150220 | 150220 | 77965 | 72255 |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ-റോഡ് | 0 | 4570000 | 4570000 | 3018866 | 1551134 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 9044000 | 9044000 | 7950103 | 1093897 |
| ധനകാര്യ കമ്മീഷൻ-ഹെൽത്ത് ഗ്രാന്റ് (Support For Diagonostics) | 0 | 239235 | 239235 | 162503 | 76732 |
| ധനകാര്യ കമ്മീഷൻ-ഹെൽത്ത് ഗ്രാന്റ് (Sub Centres To Health & Wellness Centres | 0 | 111488 | 111488 | 34463 | 77025 |
| ശുചിത്വ മിഷൻ | 1094185 | 150000 | 1244185 | 594000 | 650185 |
| ഐ.സി.ഡി.എസ് | 113613 | 907576 | 1021189 | 393336 | 627853 |
| റ്റി.എസ്.സി. | 672416 | 0 | 672416 | 0 | 672416 |
| MGNREGS | 110 | 18005175 | 18005285 | 17040819 | 964466 |

(ഡിമാന്റ് ചെയ്യപ്പെടുന്നതിന്റെ 90% എങ്കിലും തനത് വരവുകൾ പിരിച്ചെടുക്കാത്തതിനാൽ സ.ഉ.(കൈ)നം.179/22/ധന തീ.18/10/22 നം ഉത്തരവ് പ്രകാരം പൊതു വിഭാഗം വികസന ഫണ്ടിൽ നിന്നും 141710 രൂപ കുറവ് ചെയ്തിരുന്നു. ഈ തുക കുറച്ചാണ് വികസന ഫണ്ട്(ജനറൽ)-ന്റെ ആകെ വരവ് കണക്കാക്കിയിരിക്കുന്നത്).

**ഗ്രാന്റ് സ്റ്റേറ്റ്മെന്റ് -അപാകതകൾ**

1..സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവിൽ വികസന ഫണ്ടിൽ നിന്നും സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെട്ടിട്ടില്ല. ഈ തുക കുറച്ചാണ് വരവ് കണക്കാക്കിയിരിക്കുന്നത്. എന്നാൽ ജി.ഒ പ്രോജക്ട് ആയി ചെലവിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്. ഇത് മൂലം ഗ്രാന്റ്സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പ് കൃത്യമല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | സ്രോതസ്സിൽ കുറവ് ചെയ്ത ചെലവിനം | ഗ്രാന്റ് പത്രിക പ്രകാരമുള്ള വരവിൽ ഉൾപ്പെടാത്ത തുക |
|---|---|---|
| വികസന ഫണ്ട് ജനറൽ | അങ്കണവാടി അധിക വേതനം | 1051200 |
| | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 991598 |
| വികസന ഫണ്ട്-എസ്.സി.പി | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 327296 |

2) സംസ്ഥാനാവിഷ്കൃത/കേന്ദ്രാവിഷ്കൃത ഫണ്ടുകളുടെ വിനിയോഗം സംബന്ധിച്ച് ഗ്രാന്റ് സ്റ്റേറ്റ്മെന്റിലും ബന്ധപ്പെട്ട രജിസ്റ്ററുകളിലും കൃത്യമായ വിവരം രേഖപ്പെടുത്തിയിട്ടില്ല.

3)ധനകാര്യകമ്മീഷൻ കമ്മീഷൻ ഗ്രാന്റ്- വാർഷിക ധനകാര്യപത്രിക, ഇ-ഗ്രാം സ്വരാജ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ്, നീക്കിയിരിപ്പ് കണക്കുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

**1. ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം**

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർണ്ണമായും നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 143 | 68505836 | 85 | 38799160 | 24 | 34 | 85 |

**2. വിവിധ മേഖലകൾക്കായി വകയിരുത്തിയ തുകയും അവയുടെ ചെലവും**

| മേഖല | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവിന്റെ ശതമാനം |
|---|---|---|---|
| ഉൽപ്പാദനം | 7231167 | 4903725 | 67.8 |
| സേവനം | 42316173 | 24370304 | 56.6 |
| പശ്ചാത്തലം | 18958496 | 9525131 | 45.9 |

**3. നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരം**

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്ക്കരിച്ച പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 3 | 3 | 620000 | 620000 |
| 2 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 7 | 7 | 2370693 | 348274 |
| 3 | മെഡിക്കൽ ഓഫീസർ, ഹോമിയോ | 2 | 2 | 182220 | 182220 |
| 4 | കൃഷി ഓഫീസർ | 3 | 2 | 2936667 | 2186667 |
| 5 | സെക്രട്ടറി | 19 | 15 | 6576352 | 4974674 |
| 6 | വെറ്ററിനറി സർജൻ | 7 | 7 | 1986585 | 1589908 |
| 7 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 23 | 17 | 21345861 | 9885338 |
| 8 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 9 | 9 | 4724624 | 3793935 |
| 9 | ഡയറിഫാം ഇൻസ്ട്രക്ടർ | 1 | 1 | 950000 | 615657 |
| 10 | അസിസ്റ്റന്റ് സെക്രട്ടറി | 7 | 5 | 1265450 | 934610 |

| | | | | | |
|---|---|---|---|---|---|
| 11 | ഹെഡ്മാസ്റ്റർ | 3 | 3 | 1200000 | 879966 |
| 12 | അസിസ്റ്റന്റ് എഞ്ചിനീയർ | 57 | 36 | 23059110 | 10179492 |
| 13 | ഫിഷറീസ് ഓഫീസർ | 2 | 2 | 940000 | 586000 |
| | ആകെ | 143 | 109 | 68505836 | 38799160 |

**4. നിർബന്ധിത വകയിരുത്തലുകളും, ചെലവും**

| പദ്ധതി | പദ്ധതികളുടെ എണ്ണം | വകയിരുത്തൽ | ചെലവ് |
|---|---|---|---|
| വനിതാ ഘടക പദ്ധതി | 6 | 2084500 | 1195460 |
| വൃദ്ധർ, ഭിന്നശേഷിയുള്ളവർ, കുട്ടികൾ | 15 | 6271241 | 4821038 |
| പാലിയേറ്റിവ് കെയർ | 1 | 1400000 | 1213603 |
| ഖരമാലിന്യ നിർമ്മാർജ്ജന പദ്ധതി | 1 | 105600 | 0 |
| പരിസ്ഥിതി സംരക്ഷണം | 0 | 0 | 0 |
| യുവജന വികസന പദ്ധതി (SCP,TSP പദ്ധതികളുടെ സംഗതിയിൽ) | 1 | 420000 | 420000 |

## 1-6 ദേശീയ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 110 | 964356 | 964466 | 0 | 964466 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 17040819 | 17040819 | 17040819 | |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപ്പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പെൻഷൻ ഇനം | ചെലവ് | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 3052400 | 225 |
| മാനസിക-ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 2324600 | 175 |
| വിധവാ പെൻഷൻ | 7328400 | 610 |
| വാർദ്ധക്യകാല പെൻഷൻ | 22095900 | 1896 |
| അവിവാഹിതരായ 50 വയസ്സിന്മേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 364200 | 32 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25-11-2023 തീയതിയിൽ 1:30 PMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6096/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപ്പഞ്ചായത്തിന്റ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ജോലി വിഭജന ഉത്തരവ് പ്രകാരം ജീവനക്കാരുടെ ചുമതലകൾ വ്യക്തമായി നിർണ്ണയിച്ചു നൽകിയിട്ടുണ്ട്.

- തൊഴിൽ നികുതി രജിസ്റ്റർ, ലേല രജിസ്റ്റർ, വാടക രജിസ്റ്റർ എന്നിവയിലെ വർഷാന്ത്യ സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ് .
- ജീവനക്കാർ സ്ഥലം മാറി പോകുമ്പോൾ ചുമതല യഥാവിധി കൈമാറുന്നുണ്ടെന്നും ചാർജ്ജ് ഹാൻഡ് ഓവർ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെന്നും ഉത്തരവാദപ്പെട്ടവർ ഉറപ്പുവരുത്തേണ്ടതാണ്.

- സ്യൂട്ട് രജിസ്റ്ററിൽ കേസുകളുടെ നിലവിലെ സ്ഥിതി രേഖപ്പെടുത്തി കാലികമാക്കിയിട്ടില്ല.
- മരണപ്പെടുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളെ സേവന പെൻഷൻ ഡാറ്റാ ബേസിൽനിന്നും യഥാസമയം ഒഴിവാക്കുന്നതിന് ബന്ധപ്പെട്ടവർ ജാഗ്രത പുലർത്തേണ്ടതാണ്.
- ഓഡിറ്റ് ഫയലുകളിൽ പുനരഭിപ്രായക്കുറിപ്പ് പുറപ്പെടുവിച്ചതും, തീർപ്പാക്കാൻ അവശേഷിക്കുന്നതുമായ എല്ലാ ഖണ്ഡികകളും തീർപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.
- പെർമിറ്റ് ഫയലും, നമ്പറിംഗ് ഫയലും ക്ലബ്ബ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്.
- ക്രമവൽക്കരണത്തിന് കെ.പി.ബി.ആർ.2019 ചട്ടത്തിലെ അനുബന്ധം ജി2 മാതൃകയിലുള്ള രജിസ്റ്ററിൽ വിവരങ്ങൾ എഴുതി സൂക്ഷിക്കേണ്ടതാണ്.
- അനധികൃത കെട്ടിടങ്ങൾക്ക് യു.എ. നമ്പർ നൽകുന്ന അവസരത്തിൽ പ്രത്യേക രജിസ്റ്ററിൽ വിവരങ്ങൾ എഴുതി സൂക്ഷിക്കേണ്ടതാണ്.
- ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ കൂട്ടിച്ചേർക്കൽ വരുത്തുന്നത് ഗ്രാമസഭയുടെ അംഗീകാരത്തോടെയായിരിക്കേണ്ടതാണ്. അനർഹരെ ഒഴിവാക്കിയ വിവരം അടുത്ത ഗ്രാമസഭയിൽ അവതരിപ്പിക്കേണ്ടതാണ്.
- ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ, ഓഡിറ്റ് റിക്കവറി രജിസ്റ്റർ എന്നിവയിൽ ആവശ്യമായ എല്ലാ രേഖപ്പെടുത്തലുകളും വരുത്തി കാലികവും ആധികാരികവുമാക്കേണ്ടതാണ്.
- പല വർക്കിംഗ് ഗ്രൂപ്പുകളും കേവലം പേരിനുള്ളവ മാത്രമാണ്. പ്രോജക്ടുകളുടെ കൃത്യമായ മോണിറ്ററിംഗ് നടക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കണം എന്ന് സർക്കാർ നൽകിയ മാർഗ്ഗനിർദ്ദേശം പാലിക്കേണ്ടതാണ്.
- സ്റ്റോക്ക് രജിസ്റ്ററിൽ എല്ലാ വാങ്ങലുകളും, വിതരണവും കൃത്യമായി രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
- തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.
- വിവരാവകാശ നിയമപ്രകാരം പരിപാലിക്കപ്പെടുന്ന രജിസ്റ്റർ Circular No.427990/Cdn5/2016/GAD, Dtd. 20.05.2016 പ്രകാരമായിരിക്കേണ്ടതാണ്.
- സേവനാവകാശ നിയമ രജിസ്റ്റർ 27.10.2012-ലെ ജ.ഒ.(പി)56/2012/പി.&എ.ആർ.ഡി. നമ്പർ ഉത്തരവിലെ അനുബന്ധമായി നൽകിയിട്ടുള്ള മാതൃകയിൽ തയ്യാറാക്കി വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.
- പരാതി രജിസ്റ്റർ നിശ്ചിത മാതൃകയിൽ സൂക്ഷിക്കേണ്ടതും, എല്ലാ വിവരങ്ങളും യഥാവിധി പരാതി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, അപേക്ഷകന് യഥാസമയം മറുപടി നൽകേണ്ടതുമാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30-10-16 മുതൽ 14-11-16 വരെ | 2011-12 മുതൽ 2015-16 വരെ | 22-12-16 |
| പെർഫോമൻസ് ഓഡിറ്റ് | 17-06-22 മുതൽ 18-06-22 വരെ | 01-01-22 മുതൽ 31-03-22 വരെ | 10-10-22 |

## 1-11 രസീതുബുക്കുകളുടെ പരിപാലനം - അപാകതകൾ

2022-23 സാമ്പത്തിക വർഷം പഞ്ചായത്തിൽ നിന്ന് ജീവനക്കാർക്കും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്കും വിതരണം ചെയ്ത മാനുവൽ രസീത് ബുക്കുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.പഞ്ചായത്തിൽ നിന്നും ജീവനക്കാർക്ക് വിതരണം ചെയ്യുന്ന രസീതുബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തുന്നില്ല. (ഉദാ:ബുക്ക് നം.351,352,18322)

2.സാമ്പത്തിക വർഷാവസാനം ഉപയോഗിക്കാത്ത രസീതുകൾ ക്യാൻസൽ ചെയ്ത് സെക്രട്ടറി

സാക്ഷ്യപ്പെടുത്തിയിട്ടില്ല (ഉദാ:ബുക്ക് നം.351,352,18322).

3.നിർവ്വഹണോദ്യോഗസ്ഥർക്ക് വിതരണം ചെയ്ത രസീതുബുക്കുകൾ സാമ്പത്തിക വർഷാവസാനം തിരികെ വാങ്ങി പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല(ഉദാ:ബുക്ക് നം.351).

അപാകതകൾ ഒഴിവാക്കുന്നതിന് ഭാവിയിൽ ശ്രദ്ധിയ്ക്കേണ്ടതാണ്.

## 1-12 തനത് വിഭവ സമാഹരണം - അവലോകനം

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശപ്രകാരവും വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകിക്കൊണ്ടും കടപ്ര ഗ്രാമപ്പഞ്ചായത്തിൽ നടത്തിയ പരിശോധനയിൽ ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിക്കായി സ.ഉ (കൈ) നം. 117/2022/LSGD/01-06-2022 ലെ നമ്പർ ഉത്തരവിലെ ക്രമ നമ്പർ 2 ൽ നികുതി വരുമാനത്തിന്റെ ഡി. സി. ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി കുറഞ്ഞത് മൂന്നു മാസത്തിലൊരിക്കലെങ്കിലും പ്രാദേശിക സർക്കാരുകളുടെ യോഗത്തിൽ സമർപ്പിക്കേണ്ടതും, പ്രാദേശിക സർക്കാർ സമിതി പ്രസ്തുത റിപ്പോർട്ട് ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതുമാണ്. ഗ്രാമപ്പഞ്ചായത്തിലെ സ്റ്റാൻഡിംഗ് കമ്മിറ്റി ടി നിർദ്ദേശം നടപ്പിലാക്കുന്നില്ല. എല്ലാ മാസത്തേയും വരവ് ചെലവുകൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി കൃത്യമായി അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവുകളും യഥാർഥ വരവുകളുമായുള്ള അന്തരം ടി കമ്മിറ്റി പരിശോധിച്ചിട്ടില്ല. പുതിയ തനതു വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ കമ്മറ്റി ചർച്ച ചെയ്തിട്ടില്ല.

2.ബജറ്റ്

ഗ്രാമപ്പഞ്ചായത്തിന്റെ മൊത്തം വരവ് ചെലവ് കണക്കുകളാണ് ബജറ്റിൽ പ്രതിഫലിക്കേണ്ടത്. കൂടാതെ ഗ്രാമപ്പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയെപ്പറ്റി കൃത്യമായ ധാരണ നൽകുന്നതുമായിരിക്കണം. ബജറ്റ് പ്രകാരമുള്ള തനത് വരവുകളും യഥാർത്ഥ വരവുകളും തമ്മിൽ അന്തരമുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വരവിനം | ബജറ്റ് പ്രകാരമുള്ള വരവ് | യഥാർത്ഥ വരവ് | വ്യതിയാനം(+/-) |
|---|---|---|---|---|
| 1 | വസ്തുനികുതി | 5500000 | 5449878 | -50122 |
| 2 | തൊഴിൽ നികുതി | 3600000 | 3603210 | +3210 |
| 3 | വിനോദ നികുതി | 2300000 | 2012335 | -287665 |
| 4 | ലൈസൻസ് ഫീസ് | 320000 | 255930 | -64070 |
| 5 | പെർമിറ്റ് ഫീസ് | 300000 | 126006 | -173994 |
| 6 | വാടക | 260000 | 256908 | -3092 |

3.1.വസ്തുനികുതി

പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗമാണ് വസ്തുനികുതി. വസ്തുനികുതി പൂർണ്ണമായി പിരിച്ചെടുക്കുന്നതിന് കാര്യക്ഷമമായ നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടുണ്ട്.കുടിശ്ശികയിനത്തിൽ 5.56 ലക്ഷം രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. പഞ്ചായത്ത് നൽകുന്ന വിവിധ സേവനങ്ങൾക്ക് പത്ത് ശതമാനം നിരക്കിൽ സേവന ഉപനികുതി ഈടാക്കുന്നുണ്ട്.

3.2.വസ്തുനികുതി പരിഷ്കരണ നടപടികൾ

ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 22.03.2023 -ലെ സ.ഉ.(കൈ)നം. 77/2023/തസ്വഭവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗനിർദ്ദേശ പ്രകാരം പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

- 2022-23 വരെ നികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും വസ്തുനികുതി 01.04.2023 പ്രാബല്യത്തിൽ 5% വർദ്ധിപ്പിച്ചിട്ടുണ്ട്.

- 05.04.2023-ലെ സ.ഉ.(അച്ചടി) നം.25/ 2023/തസ്വഭവ (എസ്.ആർ.ഒ. നം.479/2023 തീയതി: 10.04.2023) ഉപവിഭാഗങ്ങളുടെയും തറവിസ്തൃതിയുടെ അടിസ്ഥാനത്തിൽ വസ്തുനികുതി നിരക്കുകൾ പരിഷ്കരിച്ചത് 01.04.2023 മുതൽ മുൻകാല പ്രാബല്യത്തോടു കൂടി നടത്തുന്നതിനായി 21/08/23 തീയതിയിലെ കമ്മിറ്റിയുടെ 5(1) തീരുമാനപ്രകാരം 22/08/2023ൽ അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.
- കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ ചേർക്കലിന്റെ ഭാഗമായുള്ള വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിയ്ക്കുമായി ആളെ നിയോഗിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്തിൽ പുരോഗമിക്കുന്നു.

4. തൊഴിൽ നികുതി

ഗ്രാമപ്പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ തുടങ്ങിയവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് സൂക്ഷിക്കുന്നില്ല. പ്രൊഫഷണലുകളുടെ പട്ടിക സ്ഥാപനം തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല. നികുതി പത്രികകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലാണ് നികുതി സ്വീകരിച്ചിട്ടുള്ളത്.

5.ലൈസൻസ് ഫീസ്

മൂലധനം കൃത്യമായി എല്ലാ അപേക്ഷ ഫോമുകളിലും രേഖപ്പെടുത്താത്തതിനാൽ ലൈസൻസ് ഫീസിന്റെ കൃത്യത ഉറപ്പാക്കാൻ കഴിയുന്നില്ല. പൂർണ്ണമല്ലാത്ത/അപാകതയുള്ള അപേക്ഷകൾ നിരസിച്ചിട്ടുണ്ട്. ലൈസൻസ് അനുവദിച്ച കെട്ടിടങ്ങളുടെ കണക്കും സഞ്ചയ സോഫ്റ്റ്‌വെയറിലെ വാണിജ്യ/വ്യാപാര/വ്യവസായ സ്ഥാപനങ്ങളുടെ കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

6.ലേലം

മാട്ടിറച്ചി ലേലയിനത്തിൽ 174450/- രൂപ പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. പാലത്താംകുഴി ചാലിൽ നിന്നും മത്സ്യം പിടിക്കുന്നതിനുള്ള അവകാശം ലേലം ചെയ്യാൻ നടപടികൾ സ്വീകരിച്ചെങ്കിലും ആരും പങ്കെടുക്കാത്തതിനാൽ ലേലം നടന്നില്ല.

**2022-23 സാമ്പത്തിക വർഷത്തെ നികുതി നികുതിയേതര പിരിവിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.**

| ക്രമനം. | വരവിനം | ഡിമാന്റ് | കളക്ഷൻ | ശതമാനം |
|---|---|---|---|---|
| 1 | വസ്തു നികുതി | 5449878 | 4911333 | 90.11% |
| 2 | തൊഴിൽ നികുതി | 3603210 | 3598210 | 99.86% |
| 3 | വിനോദ നികുതി | 2012335 | 2012335 | 100% |
| 4 | ലൈസൻസ് ഫീസ് | 253800 | 253800 | 100% |
| 5 | വാടക | 256908 | 256908 | 100% |
| 6 | ലേലം | 175450 | 175450 | 100% |
| 7 | പെർമിറ്റ് ഫീസ് | 126006 | 126006 | 100% |

**2021-22 സാമ്പത്തിക വർഷവുമായി താരതമ്യം ചെയ്യുമ്പോൾ നികുതി നികുതിയേതര പിരിവിലെ പുരോഗതിയുടെ വിവരം ചുവടെ ചേർക്കുന്നു.**

| ക്രമ നം. | വരവിനം | 2021-22 | 2022-23 | വർദ്ധനവ് /കുറവ് | വർദ്ധനവ് /കുറവ്ശതമാനം |
|---|---|---|---|---|---|
| 1 | വസ്തു നികുതി | 4069452 | 4911333 | +841881 | +20.7% |
| 2 | തൊഴിൽ നികുതി | 3408909 | 3598210 | +189301 | +5.5% |
| 3 | വിനോദ നികുതി | 321536 | 2012335 | 1690799 | +84.02% |
| 4 | ലൈസൻസ് ഫീസ് | 240900 | 253800 | +12900 | +5.35% |
| 5 | വാടക | 229956 | 256908 | +26952 | +11.72% |
| 6 | പെർമിറ്റ് ഫീസ് | 140990 | 126006 | -14984 | -10.63% |

**തനത് വരുമാനം വർധിപ്പിക്കുവാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ.**

1)തിരുവല്ല-കായംകുളം സംസ്ഥാന ദേശീയപാതയിൽ 15 സെന്റിലുള്ള മാർക്കറ്റിലെ സ്റ്റാളുകളും,കെട്ടിടങ്ങളും ജീർണിച്ച് ശോചനീയാവസ്ഥയിലാണുള്ളത്. ടി മാർക്കറ്റിന്റെ വാണിജ്യ പ്രാധാന്യം പരിഗണിച്ച് ഷോപ്പിംഗ് കോംപ്ലക്സ് ഉൾപ്പെടെയുള്ള കെട്ടിടങ്ങളുടെ നിർമ്മാണ സാധ്യത പഞ്ചായത്ത് പരിശോധിച്ചിട്ടില്ല. ഷോപ്പിംഗ് കോംപ്ലക്സ് നിർമാണത്തിലൂടെ വാടകയിനത്തിലുള്ള പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാനാകും.

2)ലൈസൻസ് ഫീസ് വിവരങ്ങൾ, പാരാമെഡിക്കൽ/ഹോസ്പിറ്റൽ രജിസ്ട്രേഷൻ വിവരങ്ങൾ,അംഗീകൃത കരാറുകാരുടെ വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തി ഡാറ്റാ ബേസ് തയ്യാറാക്കി ഡിമാന്റ് ചെയ്യുന്നത് വഴി നികുതി നികുതിയേതര പിരിവ് കാര്യക്ഷമമാക്കാൻ കഴിയും.

3) അനധികൃത കെട്ടിടങ്ങൾ ക്രമവത്കരിക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കേണ്ടതാണ്.

4)ബജറ്റ് നിയന്ത്രണം കാര്യക്ഷമമാക്കി സാമ്പത്തികനില മെച്ചപ്പെടുത്തുവാൻ ശ്രദ്ധിക്കാവുന്നതാണ്.

**1-13 വസ്തു നികുതി നിർണ്ണയം - അപാകതകൾ**

A)**വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ്**

1)100ച.മീറ്ററിനു മുകളിൽ തറവിസ്തീർണ്ണമുള്ള, വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ ഇവയ്ക്ക് ബാധകമായ നിരക്കിനു (₹50/$m^2$) പകരം, 100ച.മീറ്ററിൽ കുറവുള്ള കെട്ടിടഭാഗങ്ങളായി തിരിച്ച്, അവയ്ക്ക് ബാധകമായ നിരക്കിൽ (₹30/$m^2$) നികുതി നിർണ്ണയിച്ചതിനാൽ പഞ്ചായത്തിനു ലഭിക്കേണ്ട നികുതിയിൽ കുറവുണ്ടായിട്ടുള്ളതായി പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉടമസ്ഥന്റെ പേര് | കെട്ടിട നമ്പർ | ആകെ തറ വിസ്തീർണ്ണം (ച.മീ) | നിർണയിച്ച അടിസ്ഥാന നികുതി | നിർണ്ണയിക്കേണ്ട അടിസ്ഥാന നികുതി | അടിസ്ഥാന നികുതി നിർണയിച്ചതിലെ കുറവ് |
|---|---|---|---|---|---|---|
| 1 | ജേക്കബ് കെ കെ | 2/ 2A,2B | 125.38 | 3761.4 | 6269 | 2507.6 |
| 2 | പി എസ് തങ്കമണിയമ്മ | 2/ 175C,175D,175E | 144 | 4320 | 7200 | 2880 |
| | | | | | ആകെ | 5387.6/- |

(100 ച.മീ. വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യ കെട്ടിടങ്ങളുടെ വസ്തുനികുതി ച.മീറ്ററിന് 30/- രൂപയും 100ച.മീറ്ററിനു മുകളിലുള്ളവയ്ക്ക് 50/- രൂപയുമായി നിശ്ചയിച്ച് പഞ്ചായത്ത് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.)

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പ് പ്രകാരം ഒരേ ഉടമസ്ഥതയും ഒരേ ഉപയോഗക്രമവുമുള്ള ഒരു കെട്ടിടത്തിന്റെ എല്ലാ ഭാഗത്തും ഒരേ രീതിയിലാണ് വസ്തുനികുതി നിർണ്ണയിക്കേണ്ടത്.മേൽപ്പറഞ്ഞ കെട്ടിടത്തിന് ഒരേ ഉടമസ്ഥതയും ഉപയോഗക്രമവുമുള്ളതിനാൽ ച.മീറ്ററിന് 50രൂപ നിരക്കിലായിരുന്നു നികുതി നിർണ്ണയിക്കേണ്ടിയിരുന്നത്. അടിസ്ഥാന നികുതി നിർണ്ണയിച്ചതിൽ 5388/- രൂപയുടെ കുറവുണ്ടായിട്ടുണ്ട്.

2) സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 6-ാം വാർഡിൽ എ.കെ.ഹരിദാസ്, ചാമലയിൽ, പരുമല എന്നയാളുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ വിസ്തീർണം 103 ച.മീറ്ററാണ് .ടി കെട്ടിടത്തെ 100ച.മീറ്ററിനു മുകളിൽ തറവിസ്തീർണ്ണമുള്ള, വാണിജ്യാവശ്യത്തിനുള്ള കെട്ടിട വിഭാഗത്തിൽ ഉൾപ്പെടുത്തി ഇവയ്ക്ക് ബാധകമായ ₹50/m2 നിരക്കിൽ വസ്തു നികുതി നിശ്ചയിച്ചുകുന്നതിന് പകരം, 100ച.മീറ്ററിൽ കുറവുള്ള കെട്ടിടങ്ങൾക്ക് ബാധകമായ ₹30/m2 എന്ന നിരക്കിലാണ് വസ്തു നികുതി നിശ്ചയിച്ചത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഉടമസ്ഥന്റെ പേര് | കെട്ടിട നമ്പർ | ആകെ തറ വിസ്തീർണ്ണം | നിർണയിച്ച അടിസ്ഥാന | നിർണ്ണയിക്കേണ്ട അടിസ്ഥാന നികുതി |
|---|---|---|---|---|

| | | (ച.മീ) | നികുതി | |
|---|---|---|---|---|
| എ.കെ. ഹരിദാസ് (ചാമലയിൽ,പരുമല) | 6/ 330B | 103 | 3090 | 5150 |

അടിസ്ഥാന നികുതി നിർണ്ണയിച്ചതിൽ 2060/- രൂപയുടെ കുറവുണ്ടായി.
ആയത് സംബന്ധിച്ച് സെക്രട്ടറിയ്ക്ക് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (എൻക്വയറി നം.7, 8/22.11.2023) , ടി കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണയിച്ച് കുടിശ്ശികയടക്കം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി.

**B.റോഡിന്റെ ഇനമനുസരിച്ച് കെട്ടിടത്തെ ഉൾപ്പെടുത്തേണ്ട മേഖലയിൽ വ്യത്യാസം**

സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ നിന്ന് ഒരേ റോഡിലുള്ള കെട്ടിടങ്ങളെ വ്യത്യസ്ത മേഖലയിൽ ഉൾപ്പെടുത്തിയതായി കണ്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | റോഡ് തരം | മേഖല |
|---|---|---|---|
| 1 | 4/176A | 5 മീറ്ററോ അതിലധികമോ (ഇരമല്ലിക്കര റോഡ്) | ദ്വിതീയം |
| | 4/176C | 1.5 മീറ്ററിൽ കൂടുതല്(ഇരമല്ലിക്കര ദേവികുന്നം റോഡ്) | പ്രഥമം |
| 2 | 7/46 | 5 മീറ്ററോ അതിലധികമോ (പാലച്ചുവട്) | ദ്വിതീയം |
| | 7/46B | 5 മീറ്ററോ അതിലധികമോ (പാലച്ചുവട്) | ത്രിതീയം |
| 3 | 7/474A | 5 മീറ്ററോ അതിലധികമോ (പാലച്ചുവട്) | ത്രിതീയം |
| | 7/474B | 5 മീറ്ററോ അതിലധികമോ (പാലച്ചുവട്) | ദ്വിതീയം |

ആയതിന്റെ വിശദീകരണം ആരാഞ്ഞ് സെക്രട്ടറിയ്ക്ക് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( എൻക്വയറി നം.17/24.11.2023) റോഡുകളുടെ തരത്തിനനുസരിച്ച് സഞ്ചയയിൽ തിരുത്തൽ വരുത്തി നികുതി പുനർനിർണയിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി. അപാകതകൾ പരിഹരിച്ച് ഓഡിറ്റിന് വിവരം ലഭ്യമാക്കേണ്ടതാണ്. ടി വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-14 തൊഴിൽ നികുതി പിരിവ് പൂർണമല്ല

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996 ലെ തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനം, ബിസിനസ്സ്, തൊഴിൽ, കല, ജോലി, ഉദ്യോഗം എന്നിവ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽനികുതി ഈടാക്കാവുന്നതാണ്. 2022-23 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി പിരിവു സംബന്ധിച്ച പൊതുവായ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, ആധാരമെഴുത്താഫീസുകൾ എന്നിവിടങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽനികുതി എന്നിവ ഈടാക്കിയിട്ടില്ല.

2. ചുവടെ ചേർക്കുന്ന മരാമത്ത് കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | കരാറുകാരന്റെ പേരും മേൽവിലാസവും |
|---|---|
| 1 | ബിനോയ് വി.പി, മണത്തറവട്ടവത്ത്, വളഞ്ഞവട്ടം |
| 2 | ഗിരീഷ് കുമാർ സി.എസ്, എസ്.എൻ.വി.സദനം, പെരിങ്ങര |
| 3 | വർഗ്ഗീസ് ജോൺ, മലിശ്ശേരിൽ, നിരണം |
| 4 | രാജു.പി.ജോർജ്ജ്, പഴമ്പള്ളിൽ പടിഞ്ഞാറതിൽ, കവിയൂർ |
| 5 | കെ.സി.എബ്രഹാം, കുറുകയിൽ, കിഴക്കുംഭാഗം, നിരണം |
| 6 | രാജേഷ് കുമാർ ആർ, രാജേഷ് ഭവനം, തേവലക്കര, കൊല്ലം |

ആയത് സംബന്ധിച്ച് സെക്രട്ടറിയ്ക്ക് നൽകിയ എൻക്വയറിയ്ക്ക് ( എൻക്വയറി നം.10/23.11.2023) മറുപടിയായി ടി സ്ഥാപനങ്ങൾക്കും കരാറുകാർക്കും കത്ത് നൽകുന്നതാണെന്ന് അറിയിച്ചു. ടി തുക ഈടാക്കി ഒടുക്കു വരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-15 ലൈസൻസ് ഫീസ് പിരിവിലെ അപാകതകൾ

കേരളാ പഞ്ചായത്ത്രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം, വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും, ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2022-23 വർഷത്തെ ലൈസൻസ് പിരിവുമായി ബന്ധപ്പെട്ട അപേക്ഷകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ വാണിജ്യ-വ്യവസായ ഉപയോഗ ക്രമത്തിലുള്ള 1163 കെട്ടിടങ്ങൾ നിലവിലുണ്ട്. എന്നാൽ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ തൻവർഷം 324 സ്ഥാപനങ്ങളിൽ നിന്ന് മാത്രമാണ് പഞ്ചായത്ത് ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളത്. ലൈസൻസ് അനുവദിച്ച കെട്ടിടങ്ങളുടെ കണക്കും സഞ്ചയ സോഫ്റ്റ്‌വെയറിലെ വാണിജ്യ/വ്യാപാര/വ്യവസായ സ്ഥാപനങ്ങളുടെ കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2.1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, പട്ടിക 1-ലെ ക്രമ നം- 149 പ്രകാരം റേഷൻകടകൾ യഥാസമയം ഗ്രാമപ്പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുക്കേണ്ടതുണ്ട്. എന്നാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

ആയത് സംബന്ധിച്ച് സെക്രട്ടറിയ്ക്ക് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നം.24/25.11.2023) മറുപടിയായി ടി സ്ഥാപനങ്ങൾക്ക് കത്ത് നൽകുന്നതാണെന്ന് അറിയിച്ചു. ലൈസൻസ് ഫീസ് പിരിച്ചെടുക്കാൻ അവശേഷിക്കുന്ന സ്ഥാപനങ്ങളിൽ നിന്നു ടി തുക ഈടാക്കി ഒടുക്കു വരുത്തി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ടി വിഷയത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-16 വാടക-ബൈലോ തയ്യാറാക്കിയിട്ടില്ല

കടമുറികളുടെ വാടകയുമായും മാർക്കറ്റിന്റെ ലേലവുമായും ബന്ധപ്പെട്ട നിബന്ധനകളുൾപ്പെടുത്തി പഞ്ചായത്തുകൾ ബൈലോ തയ്യാറാക്കേണ്ടതും സർക്കാരിന്റെ അംഗീകാരം വാങ്ങേണ്ടതുമാണ്. എന്നാൽ പഞ്ചായത്ത് ഇത്തരത്തിൽ ഒരു ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല. വാടകയും ലേലവുമായി ബന്ധപ്പെട്ട ബൈലോയുടെ അഭാവത്തിൽ ടിയിനങ്ങളിലെ അഡ്വാൻസ്, ഡെപ്പോസിറ്റ് എന്നിവയുടെ നിയമസാധുത ചോദ്യം ചെയ്യപ്പെടാവുന്നതാണ്. ബൈലോ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരം വാങ്ങുന്നതിനുള്ള നടപടികൾ പഞ്ചായത്ത് സത്വരപ്പെടുത്തേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-17 ധനകാര്യ കമ്മീഷൻ(ടൈഡ്) ഗ്രാന്റ് തനത് ഫണ്ടിലേയ്ക്ക് റീക്രൂപ്പ് ചെയ്തു

ഗ്രാമപഞ്ചായത്തിലെ സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കരം തനത് ഫണ്ടിൽ നിന്നാണ് ഒടുക്കുന്നത്. 2022-23 വർഷം 1210660 രൂപ തനത് ഫണ്ടിൽ നിന്നും പൊതുടാപ്പുകളുടെ വെള്ളക്കരം ഒടുക്കുന്നതിന് ചെലവഴിച്ചിട്ടുണ്ട്. 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി കേരള വാട്ടർ അതോറിറ്റിയ്ക്ക് കുടിവെള്ള കരം ഒടുക്കുന്നതിന് ധനകാര്യ കമ്മീഷൻ(ടൈഡ്) ഗ്രാന്റ് വകയിരുത്തി പ്രോജക്ട് (3/23) ആവിഷ്കരിച്ചിരുന്നു. ധനകാര്യ കമ്മീഷൻ(ടൈഡ് ഗ്രാന്റ്) ക്യാരി ഓവർ വിഹിതമായി അനുവദിച്ച തുകയിൽ നിന്നും 1210660 രൂപ ടി പ്രോജക്ട് പ്രകാരം തനത് ഫണ്ടിലേയ്ക്ക് റീക്രൂപ്പ് ചെയ്യുകയാണ് ചെയ്തിരിക്കുന്നത്. ധനകാര്യ കമ്മീഷൻ (ടൈഡ്) ഗ്രാന്റ് ഇപ്രകാരം തനത് ഫണ്ടിലേയ്ക്ക് റീക്രൂപ്പ് ചെയ്യുന്നതിന് അനുമതിയില്ല. ഈ വിഷയം തുടർനടപടികൾക്കായി ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-18 സംയുക്ത പദ്ധതി- വാർഷിക കണക്കും ട്രഷറി അക്കൗണ്ടിലെ നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം 50.54 ലക്ഷം രൂപ

ഗ്രാമപഞ്ചായത്തിന്റെ പേരിൽ ട്രഷറിയിലുള്ള സംയുക്ത പദ്ധതി അക്കൗണ്ടിൽ 6305439 രൂപ ചെലവഴിക്കാതെ ശേഷിക്കുന്നുണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രിക ഷെഡ്യൂൾ ബി4 പ്രകാരം ജില്ലാ ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും ലഭിച്ച തുകയിൽ ചെലവഴിക്കാതെ ശേഷിക്കുന്ന തുക 11359970 രൂപയാണ്. ഹെഡ് തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം-ക്യാപ്പിറ്റൽ, 320700104 | 1073116 |
| ജില്ലാ പഞ്ചായത്ത് വിഹിതം-ക്യാപ്പിറ്റൽ<br>320700105 | 3100000 |
| ജില്ലാ പഞ്ചായത്ത് വിഹിതം-റവന്യൂ എക്സ്പെൻഡിച്ചർ, 320700205 | 4747832 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം-റവന്യൂ എക്സ്പെൻഡിച്ചർ, 320700204 | 2439022 |
| | 11359970 |

ബാലൻസ് ഷീറ്റിലെ ബി4 ഷെഡ്യൂൾ പ്രകാരമുള്ള സംയുക്ത പദ്ധതി നീക്കിയിരിപ്പ് തുകയും ട്രഷറി അക്കൗണ്ടിലെ യഥാർത്ഥ നീക്കിയിരിപ്പും തമ്മിൽ 5054531 രൂപയുടെ വ്യത്യാസമുണ്ട്. ആയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടും ഓഡിറ്റ് എൻക്വയറി(5/22.11.23) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിൽ അടിയന്തിര തുടർനടപടികൾ സ്വീകരിക്കേണ്ടതും വിശദാംശം രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

### 1-19 സംയുക്ത പദ്ധതി- ട്രഷറി അക്കൗണ്ടിൽ നിഷ്ക്രിയമായി ശേഷിക്കുന്നത് 63.05 ലക്ഷം രൂപ

സംയുക്ത പദ്ധതികൾക്കായുള്ള ട്രഷറി അക്കൗണ്ടിൽ 6305439 രൂപ ചെലവഴിക്കാതെ ശേഷിക്കുന്നുണ്ട്. മുൻവർഷങ്ങളിൽ വാർഷിക പദ്ധതിയിലുൾപ്പെട്ട വിവിധ പ്രോജക്റ്റുകൾക്കായി ഗ്രാമപഞ്ചായത്തിന് ലഭ്യമായ ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് വിഹിതമാണ് ഇപ്രകാരം ചെലവഴിക്കാതെ അവശേഷിക്കുന്നത്. 2022-23 വർഷം ഈ ട്രഷറി അക്കൗണ്ടിൽ നിന്നും ഇടപാടുകൾ ഒന്നും നടന്നിട്ടില്ല. തൻ വർഷം പ്രോജക്റ്റ് മാപ്പിങ്ങിലൂടെ ലഭ്യമായ ജില്ല-ബ്ലോക്ക് വിഹിതങ്ങളാണ് സംയുക്ത പ്രോജക്റ്റുകളിൽ ചെലവഴിച്ചത്. ട്രഷറി അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള ജില്ല-ബ്ലോക്ക് വിഹിതം ഏത് സാമ്പത്തിക വർഷം ഏതെല്ലാം പ്രോജക്റ്റുകൾക്ക് ലഭിച്ചതാണ് എന്നത് സംബന്ധിച്ച വിശദാംശവും മുൻവർഷങ്ങളിൽ പ്രോജക്റ്റിന് ചെലവഴിച്ചതിന് ശേഷം അവശേഷിക്കുന്ന ഫണ്ടുകളാണോ എന്നതിലും വ്യക്തതയില്ല. ഇത് സംബന്ധിച്ച രേഖകളും സൂക്ഷിച്ചിട്ടില്ല.

ട്രഷറി അക്കൗണ്ടിൽ നിഷ്ക്രിയമായി ശേഷിക്കുന്ന തുക ഏതെല്ലാം പ്രോജക്റ്റുകൾക്കായി ലഭ്യമായതാണെന്നതിന്റെ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(5/22.11.23) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

സംയുക്ത പദ്ധതി ഹെഡുകളിൽ വൻ തുക ചെലവഴിക്കാതെ ശേഷിക്കുന്നത് തുടർനടപടികൾക്കായി ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

### 1-20 ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റ്-വിനിയോഗം അലോട്ട്മെന്റിന്റെ 12%

ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റിനത്തിൽ തൻ വർഷത്തെ അലോട്ട്മെന്റ് തുക 3696000 രൂപയാണ്. ഇതിൽ 476520 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. തൻവർഷം അനുവദിച്ച തുകയുടെ 12% മാത്രമാണ് ചെലവഴിച്ചത്. മുന്നിരിപ്പ് 771364 രൂപ ഉൾപ്പെടെ ബാങ്ക് അക്കൗണ്ടിൽ ശേഷിക്കുന്നത് 3990844 രൂപയാണ്. ശുചിത്വം, വെളിയിട വിസർജന വിമുക്ത പദവി നിലനിർത്തൽ, കക്കൂസ് മാലിന്യ പരിപാലനം ഉൾപ്പെടെയുള്ള ഖര-ദ്രവ മാലിന്യ സംസ്കരണത്തിനും കുടിവെള്ള പദ്ധതികൾ, മഴവെള്ള കൊയ്ത്ത്, ജലത്തിന്റെ പുനരുപയോഗം, പുനഃചംക്രമണം എന്നീ രണ്ട് അടിസ്ഥാന ആവശ്യങ്ങൾക്കായി ടൈഡ് ഗ്രാന്റിന്റെ 50% വീതം ഉപയോഗിക്കാം. ഇതിനായി സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുൻപ് എഫ്.എഫ്.സി. സബ്പ്ലാൻ തയ്യാറാക്കി ഇ-ഗ്രാം സ്വരാജ് പോർട്ടലിൽ അപ്‌ലോഡ് ചെയ്യണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു. കൃത്യമായി സബ് പ്ലാൻ തയ്യാറാക്കി സമയബന്ധിതമായി പ്രോജക്റ്റ് നിർവ്വഹണം പൂർത്തീകരിക്കാത്തതിനാൽ ലഭ്യമായ തുക യഥാസമയം ചെലവഴിക്കുവാൻ സാധിച്ചിട്ടില്ല. ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റ് വകയിരുത്തി എം.സി.എഫ് കെട്ടിടത്തിന് അടിസ്ഥാന സൗകര്യം, തുമ്പൂർമുഴി എയ്റോബിക് കംപോസ്റ്റിംഗ് യൂണിറ്റ് തുടങ്ങി ആവിഷ്കരിച്ച മിക്ക പ്രോജക്റ്റുകളും നടപ്പായില്ല. ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റ് ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടിൽ ശേഷിക്കുന്നത് അടിയന്തിര ഭരണതല നടപടികൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു.

### 1-21 പ്രവർത്തന ഫണ്ടില്ല; അഗതി രഹിത കേരളം പദ്ധതി നിർജ്ജീവം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നിരാശ്രയരായ കുടുംബങ്ങളെ കണ്ടെത്തുകയും പുനരധിവസിപ്പിക്കുകയും

ചെയ്യുക എന്ന ഉദ്ദേശത്തോടെ സർക്കാർ ആരംഭിച്ച അഗതിരഹിത കേരളം പദ്ധതി ഗ്രാമപഞ്ചായത്തിൽ നിലവിൽ നിർജ്ജീവമാണ്. ഫണ്ടിന്റെ ലഭ്യതക്കുറവാണ് ഇതിന് കാരണം. 2022-23 വർഷം ഒരു തവണ മാത്രമാണ് ഭക്ഷണക്കിറ്റ് നൽകിയത്(6/22). അതിനുശേഷം ഭക്ഷണകിറ്റ് വിതരണം പോലും നടത്തിയിട്ടില്ല. 222 അഗതി കുടുംബങ്ങൾ പദ്ധതിയിൽ ഗുണഭോക്താക്കളായുണ്ട്. അഗതികളായ ആളുകൾക്ക് വേണ്ടി നിരവധി പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് അഗതി രഹിത കേരളം പദ്ധതി മാർഗ്ഗരേഖ (സ.ഉ.(എം.എസ്.നം. 252/2017/ത.സ്വ.ഭ.വ. തീയതി:12.12.2017) പുറപ്പെടുവിച്ചിട്ടുണ്ട്. ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുക, റേഷൻ കടകളിൽനിന്ന് ലഭിക്കാത്ത സാധനങ്ങൾ സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളിൽ നിന്നും വാങ്ങി നൽകുക, പോഷകാഹാര കിറ്റ് പ്രതിമാസം ലഭ്യമാക്കുക, പോഷകാഹാര കുറവുള്ള അഗതി ഉപഭോക്താക്കൾക്ക് താലൂക്ക് ആശുപത്രി മെഡിക്കൽ ഓഫീസറുടെ സഹായത്തോടെ പോഷകനില തിട്ടപ്പെടുത്തുക, ഭക്ഷണം പാകം ചെയ്യാൻ ശേഷിയില്ലാത്ത കുടുംബങ്ങൾക്ക് പാചകം ചെയ്ത ഭക്ഷണം എത്തിക്കുക തുടങ്ങിയതടക്കമുള്ള നിരവധി ഭക്ഷണ വിതരണ പദ്ധതികൾ, ആരോഗ്യ സേവനങ്ങൾ കിട്ടുന്നതിന് നോഡൽ ഓഫീസറെ നിയമിക്കുക, സ്ഥിരമായി മരുന്ന് വിതരണം ചെയ്യുക, മെഡിക്കൽ ക്യാമ്പ് ഇൻഷുറൻസ് എന്നിവ അടക്കമുള്ള നിരവധി ആരോഗ്യ പദ്ധതികൾ, വസ്ത്രം, പെൻഷൻ, കുട്ടികളുടെ വിദ്യാഭ്യാസം, കിടപ്പാടം, ഭൂമി, കുടിവെള്ളം ശുചിത്വ സംവിധാനം തൊഴിൽ പരിശീലനം എന്നിവയെല്ലാം അഗതി കേരളം പദ്ധതിക്ക് വേണ്ടി നടപ്പാക്കേണ്ടതാണ്. ഭക്ഷ്യ കിറ്റ് വിതരണത്തിന് പുറമേ നാല് അഗതി കുടുംബങ്ങൾക്ക് വീട് നൽകിയതല്ലാതെ മറ്റുള്ള പ്രോജക്ടുകൾ ഒന്നും തന്നെ പദ്ധതി കാലയളവിൽ നടപ്പിലാക്കിയതായി കാണുന്നില്ല. അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ അഗതി രഹിത കേരളം പദ്ധതി (114/23) പ്രകാരം 1ലക്ഷം രൂപ 22.09.2022-ൽ കുടുംബശ്രീ സി.ഡി.എസ്.-ന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു നൽകിയിരുന്നു. ഇതുൾപ്പടെ വികസന ഫണ്ടിൽ നീക്കിയിരിപ്പുണ്ടായിരുന്ന 675000 രൂപയിൽ 519075 രൂപ ഭക്ഷണകിറ്റ് വിതരണം ചെയ്യുവാനായി വിനിയോഗിച്ചിട്ടുണ്ട്. ഫണ്ടിന്റെ കുറവ് കാരണമാണ് ഭക്ഷണ കിറ്റ് വിതരണം ചെയ്യാൻ സാധിക്കാതെ പോയതെന്ന് ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.9/22.11.23) മറുപടി നൽകിയിട്ടുണ്ട്. ഏതെങ്കിലും അവസരത്തിൽ ചലഞ്ച് ഫണ്ടോ, പലിശയോ ലഭ്യമല്ലായെങ്കിൽ അഗതി രഹിത കേരളം പദ്ധതിയിലെ ഏതൊരു ആവശ്യത്തിനും പൊതുവിഭാഗം വികസന ഫണ്ട് ഉപയോഗിക്കാവുന്നതാണെന്ന് അഗതി രഹിത കേരളം പദ്ധതി മാർഗ്ഗരേഖയിലെ (സ.ഉ.(എം.എസ്.നം. 252/2017/ത.സ്വ.ഭ.വ. തീയതി:12.12.2017) ഖണ്ഡിക 3.2.1.2-ൽ നിഷ്കർഷിച്ചിട്ടുള്ളതാണ്.

അർഹരല്ലാത്ത ഗുണഭോക്താക്കൾ പദ്ധതിയിലുൾപ്പെട്ടിട്ടുള്ളതായി കമ്മിറ്റി മിനിട്ട്സുകളിൽ പരാമർശിച്ചിട്ടുണ്ട്. ആയതിനാൽ ഗുണഭോക്താക്കളുടെ അർഹത സംബന്ധിച്ച് പുന:പരിശോധന നടത്തി അഗതികളും നിരാലംബരുമായ ആളുകൾ മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് ഉറപ്പാക്കേണ്ടതുണ്ട്. ഇതുൾപ്പടെ പദ്ധതി നിർവ്വഹണത്തിലെ അനിശ്ചിതാവസ്ഥ ഒഴിവാക്കുന്നതിനും തുടർ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നതിനും കുടുംബശ്രീ ജില്ലാ മിഷനുമായി ബന്ധപ്പെട്ട് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-22 പരേതർക്കും ക്ഷേമപെൻഷൻ വിതരണം ചെയ്തു - പൊതു ഖജനാവിന് 260600 രൂപയുടെ നഷ്ടം

പഞ്ചായത്തിൽനിന്നും ക്ഷേമ പെൻഷൻ കൈപ്പറ്റിവന്ന ഗുണഭോക്താക്കൾ മരണപ്പെടുകയും, അവരുടെ മരണം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെടുകയും ചെയ്തതിനുശേഷവും ഇവരുടെ പെൻഷൻ സസ്പെന്റ് ചെയ്യുന്ന കാര്യത്തിൽ വീഴ്ചയുണ്ടായതായി ഓഡിറ്റ് നടത്തിയ പരിശോധനയിൽ വ്യക്തമായി. പെൻഷൻ വാങ്ങുന്നയാൾ മരണപ്പെടുകയും, ടിയാളുടെ മരണം സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിച്ച പ്രാദേശിക സർക്കാരിൽതന്നെ റിപ്പോർട്ടു ചെയ്യപ്പെടുകയാണെങ്കിൽ റിപ്പോർട്ടു ചെയ്യപ്പെട്ട ദിവസംതന്നെ ടിയാന്റെ പേരിലുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ റദ്ദ് ചെയ്യേണ്ടതാണ് (സർക്കുലർ നം.എസ്.എഫ്.സി.ബി/71/2017/ധന, തീ.22.09.2017). ഓഡിറ്റ് നടത്തിയ പരിശോധനയിൽ മരണപ്പെട്ട ചില പെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ മാസങ്ങൾക്കുശേഷമോ, ചില സംഗതികളിൽ വർഷങ്ങൾക്കുശേഷമോ ആണ് സസ്പെന്റ് ചെയ്തിട്ടുള്ളതെന്ന് കണ്ടു. പരേതരുടെ പെൻഷൻ യഥാസമയം സസ്പെന്റ് ചെയ്യുന്നതിലുണ്ടായിട്ടുള്ള വീഴ്ചമൂലം ഇവരുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകളിലേക്ക് മരണശേഷവും പെൻഷൻ ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടുകയും, അത് മരണപ്പെട്ടവരുടെ അനന്തരാവകാശികൾ കൈപ്പറ്റാൻ സാഹചര്യം സൃഷ്ടിക്കുകയും ചെയ്തു. പരേതരായ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് ക്രഡിറ്റ് ചെയ്യപ്പെട്ട തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര്, വിലാസം | പെൻഷൻ ID/പെൻഷൻ | മരണപ്പെട്ട തീയതി | പെൻഷൻ സസ്പെന്റ് | ഗുണഭോക്താവിന്റെ മരണശേഷം | അനർഹമായ കാലയളവ് |
|---|---|---|---|---|---|---|

| | | ഇനം | മരണ രജിസ്ട്രേഷൻ നമ്പർ, തീയതി | ചെയ്ത തീയതി | അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്ത തുക | കാലയളവ് |
|---|---|---|---|---|---|---|
| 1 | തങ്കമണി ലാലച്ചൻ 12/303,ഇളമതയിൽ വീട്,കടപ്ര-മാന്നാർ, തിരുവല്ല, | 103790200653 | 10/05/2023 335/2023 23/05/2023 | 26/08/2023 | 1600 | 06/2023 |
| 2 | സാറാമ്മ തോമസ് 12/422,കയ്യാലക്കകത്ത് പുത്തൻപുരയിൽകിഴക്കുംഭാഗം, തിരുവല്ല,നിരണം P. O | 103790200631 | 20/11/2021 733/2021 08/12/2021 | 13/11/2023 | 30400 | 12/2021-6/2023 |
| 3 | സൂസമ്മ ജേക്കബ് 15/139, കൂടഭാഗത്ത്, വളഞ്ഞവട്ടം, തിരുവല്ല, വളഞ്ഞവട്ടം P. O | 103790200972 | 01/12/2022 791/2022 26/12/2022 | 18/05/2023 | 9600 | 1/2023-6/2023 |
| 4 | കെ സി മാത്യു 2/77, കരീലടിയിൽ, വളഞ്ഞവട്ടം പി. ഒ. | 103790202003 | 15/01/2021 79/2021 03/02/2021 | 13/11/2023 | 46400 | 2/2021-6/2023 |
| 5 | അന്നമ്മ തങ്കച്ചൻ 11/414,കരിശുംമൂട്ടിൽ, പരുമല പി ഒ | 103790201787 | 17/04/2023 270/2023 02/05/2023 | 13/11/2023 | 1200 | 5/2023-6/2023 |
| 6 | ഗീവർഗീസ് യോഹന്നാൻ 6/135, മാലിപ്പറമ്പിൽ, പരുമല പി ഒ | 103790201668 | 04/06/2022 327/2022 14/06/2022 | 13/11/2023 | 17600 | 7/2022-6/2023 |
| 7 | മാത്യു കെ ജി 3/222, മണക്കപ്പറമ്പിൽ, വളഞ്ഞവട്ടം, തിരുവല്ല | 103790200798 | 11/02/2021 114/2021 24/02/2021 | 13/11/2023 | 44800 | 3/2021-6/2023 |
| 8 | തങ്കമ്മ എബ്രഹാം 6/35, മണപ്പുറത്ത്, പരുമല, തിരുവല്ല | 103790201103 | 07/06/2022 334/2022 20/06/2022 | 13/11/2023 | 19200 | 07/2022-06/2023 |
| 9 | പി പി പത്രോസ് 9/194,പുത്തൻപുരയിൽ, പരുമല പി ഓ | 103790201525 | 28/05/2020 264/2020 25/06/2020 | 13/11/2023 | 57400 | 06/2020-6/2023 |
| 10 | രാജമ്മ എം ബി. 5/67,സുദർശന സദനം, പരുമല പി ഒ | 103790202224 | 31/03/2023 248/2023 25/04/2023 | 13/11/2023 | 3200 | 05/2023-06/2023 |
| 11 | റ്റി കെ രാജപ്പൻ 14/128, ഉള്ളകളത്തിൽ, കടപ്ര, നിരണം | 103790202103 | 12/11/2022 739/2022 28/11/2022 | 13/11/2023 | 8400 | 12/2022-6/2023 |
| 12 | ജോർജ്ജ് ജോസഫ് 8/257, ഉഴത്തിൽ ബംഗ്ലാവ്, പരുമല | 103790201356 | 20/05/2022 292/2022 27/05/2022 | 13/11/2023 | 20800 | 6/2022-6/2023 |
| | ആകെ | | | | 260600 | |

മരണപ്പെടുന്ന ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ റദ്ദ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടു മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതിരുന്നതാണ് മേൽ നഷ്ടത്തിന് ഇടയാക്കിയിട്ടുള്ളത്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടെങ്കിലും അധികൃതർ യാതൊരു വിശദീകരണവും ലഭ്യമാക്കിയിട്ടില്ല.

മേൽ പറഞ്ഞ പ്രകാരം മരണപ്പെട്ടവരുടെ അക്കൗണ്ടുകളിലേക്ക് ക്രഡിറ്റ് ചെയ്തിട്ടുള്ള തുകകൾ അവരുടെ അനന്തരവകാശികളിൽനിന്നും തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-23 ഹോമിയോ ഹോസ്പിറ്റൽ കെട്ടിട നിർമ്മാണം – 32.4 ലക്ഷം ചെലവഴിച്ച പദ്ധതി മുടങ്ങി

**കിടക്കുന്നു**

പ്രോജക്ട് നം. 161/19-20, 122/20-21, 132/21-22, 15/22-23

അടങ്കൽ - 30 ലക്ഷം

കരാറുകാരൻ - ശ്രീ കെ.എം. യോഹന്നാൻ

കരാർ നം. 28/2019-20, Dtd. 11/02/2020

ഒരു വർഷം കൊണ്ട് അവസാനിക്കേണ്ടിയിരുന്ന കടപ്ര ഹോമിയോ ഹോസ്പിറ്റൽ നിർമ്മാണം 4 വർഷമായിട്ടും ലക്ഷ്യം കണ്ടില്ല. കെട്ടിട നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കാത്തത് കാരണം ഹോമിയോ ഹോസ്പിറ്റൽ നിലവിൽ അസൗകര്യങ്ങളുടെ നടുവിൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ട്രാവൻകൂർ ഷുഗേഴ്സ് & കെമിക്കത്സ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള പഴക്കം ചെന്നതും ചോർന്നൊലിക്കുന്നതുമായ ഒരു കെട്ടിടത്തിലാണ് നിലവിൽ ഹോമിയോ അശുപത്രി പ്രവർത്തിക്കുന്നത്.

2019-20-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 30 ലക്ഷം രൂപ അടങ്കൽ വകയിരുത്തിയാണ് കെട്ടിട നിർമ്മാണത്തിന് പദ്ധതി ആവിഷ്കരിച്ചത്. 06.01.2020-ൽ ഈ പ്രവൃത്തിക്ക് ഇ-ടെണ്ടർ ക്ഷണിച്ചത് പ്രകാരം കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ കെ.എം. യോഹന്നാൻ എന്ന കരാറുകാരനാണ് ടെണ്ടർ ലഭിച്ചത്. ടിയാൻ 11.02.2020ൽ കരാർ വെച്ച് പ്രവൃത്തി ഏറ്റെടുത്തു. ഒരു വർഷം കൊണ്ട് പ്രവൃത്തി പൂർത്തീകരിക്കുന്നതിനായിരുന്നു ഉദ്ദേശിച്ചിരുന്നത്. എന്നാൽ കരാറുകാരൻ സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കാതെ നിർവ്വഹണം നീട്ടികൊണ്ടു പോയതായാണ് കണ്ടത്. ഒരു വർഷംകൊണ്ട് പൂർത്തിയാക്കേണ്ടിയിരുന്ന കെട്ടിട നിർമ്മാണം 2 വർഷവും, 3 മാസവും എടുത്ത് 31.05.2022-ലാണ് കരാറുകാരൻ പൂർത്തിയാക്കിയിട്ടുള്ളത്. എന്നാൽ കരാർ കാലയളവ് ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ അപേക്ഷ നൽകുകയോ, സപ്ലിമെന്ററി എഗ്രിമെന്റ് വെച്ച് പ്രവൃത്തി നിർവ്വഹണ കാലയളവ് ദീർഘിപ്പിച്ച് വാങ്ങുകയോ ചെയ്തിട്ടില്ല. കരാറുകാരനെ യഥേഷ്ടം പ്രവൃത്തി നടത്തുന്നതിന് അനുവദിക്കുകയും, പ്രവൃത്തി പൂർത്തീകരണത്തിന്റെ അവസാന ഘട്ടത്തിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് അനുവദിക്കുകയും ചെയ്തു.

പ്രവൃത്തിയുടെ ഫൈനൽ ബിൽ പ്രകാരം കരാറുകാരൻ 2619357 രൂപയുടെ പ്രവൃത്തി നടത്തിയിട്ടുണ്ട്. 12% GST കോമ്പൻസേഷൻ ഉൾപ്പടെ ആകെ പ്രവൃത്തി മൂല്യം 2933679.84 രൂപയാണ്. 2022-23-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടം ഇലക്ട്രിഫിക്കേഷൻ നടത്തുന്നതിന് 400000 ലക്ഷം രൂപ വകയിരുത്തി മറ്റൊരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പ്രവൃത്തിക്ക് 306365 രൂപ ചെലവഴിച്ചു. ഇപ്രകാരം പുതിയ ഹോമിയോ ആശുപത്രി കെട്ടിടത്തിനായി ഇതുവരെ 3240045 രൂപയാണ് പൊതു ഖജനാവിൽനിന്നും ചെലവഴിച്ചിട്ടുള്ളത്. പ്രവൃത്തിയുടെ കംപ്ലീഷൻ റിപ്പോർട്ട് പ്രകാരം 133.52 ച.മീ വിസ്തൃതിയുള്ള കെട്ടിടമാണ് നിർമ്മിച്ചിട്ടുള്ളത് (1,437 Sqft). കേവലം 1437 ച. അടി വിസ്തീർണ്ണമുള്ള കെട്ടിടം നിർമ്മിക്കുന്നതിനാണ് 32.4 ലക്ഷം രൂപ ചെലവായത്. ഒരു ച.അടി നിർമ്മിക്കുന്നതിന് 2255 രൂപയാണ് ചെലവ്. എന്നാൽ ഇത്രമാത്രം തുക ചെലവഴിച്ചെങ്കിലും കെട്ടിടത്തിന്റെ പ്ലമ്പിംഗ് പ്രവർത്തികളും, ഫർണിഷിംഗ് പ്രവൃത്തികളും പൂർത്തിയാക്കിയിട്ടില്ല. നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടത്തിൽ ക്യാബിൻ നിർമ്മിച്ച് കൺസൾട്ടേഷൻ റൂമും, ഫാർമസിയും, സ്റ്റോർ റൂമും സജ്ജമാക്കിയെങ്കിൽമാത്രമേ കെട്ടിടം ഉപയോഗപ്പെടുത്താൻ കഴിയുകയുള്ളുവെന്നാണ് ഹോമിയോ ഡോക്ടർ പറയുന്നത്. എന്നാൽ ഈ ആവശ്യത്തിലേക്ക് തുടർ പ്രോജക്ടുകൾ ഒന്നും പഞ്ചായത്ത് ആവിഷ്കരിച്ചിട്ടുള്ളതായി കണ്ടില്ല. പദ്ധതി ലക്ഷ്യ പ്രാപ്തി കൈവരിക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കാതിരുന്നത് വീഴ്ചയാണ്. ഇക്കാരണത്താൽ പദ്ധതിയ്ക്ക് നാളിതുവരെ ചെലവഴിച്ച 32.4 ലക്ഷം രൂപ മുടങ്ങി കിടക്കുന്നു. കെട്ടിട നിർമ്മാണം പൂർത്തിയാക്കി വർഷം ഒന്നു കഴിഞ്ഞിട്ടും ഹോമിയോ ആശുപത്രി ഇവിടേക്ക് മാറ്റുന്നതിനുള്ള ക്രമീകരണം ചെയ്യാതിരുന്നത് പഞ്ചായത്തിന്റെ ഇക്കാര്യത്തിലുള്ള ഇച്ഛാശക്തിയുടെ അഭാവത്തെയാണ് കാണിക്കുന്നത്.

നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടത്തിൽ ഹോമിയോ ആശുപത്രി പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ഒരുക്കുന്നതിന് പഞ്ചായത്ത് അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്.

**1-24 ഹോമിയോ ആശുപത്രിയുടെ വാടകയും കറണ്ട് ചാർജ്ജും നൽകുന്നില്ല; പഞ്ചായത്തിന് ലക്ഷങ്ങളുടെ ബാധ്യത**

പഞ്ചായത്തിന്റെ ഹോമിയോ ആശുപത്രി വാടക കെട്ടിടത്തിലാണ് പ്രവൃത്തിക്കുന്നത്. ട്രാവൻകൂർ ഷുഗേഴ്സ് & കെമിക്കത്സ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന് പ്രതിമാസം 3500 രൂപ വാടകയാണ് നിശ്ചയിച്ചിരുന്നത്. വർഷങ്ങളായി വാടക കരാർ പുതുക്കാതെയും വാടക അടയ്ക്കാതെയുമാണ് ആശുപത്രി ഇവിടെ പ്രവർത്തിച്ചുവരുന്നത്. കൂടാതെ കറണ്ട് ചാർജ്ജും പഞ്ചായത്ത് അടയ്ക്കുന്നില്ല. കമ്പിനി 16.09.2022-ൽ മെഡിക്കൽ ഓഫീസർക്ക് നൽകിയ കത്തിൽ (MPA/HEMEO /RENT/2022) 2019 ആഗസ്റ്റ് മുതൽ 2022 ആഗസ്റ്റ് വരെ കാലയളവിലെ വാടക കുടിശിക ഇനത്തിൽ 95216 രൂപ

ഒടുക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് കൂടാതെ കറണ്ട് ചാർജ്ജ് കുടിശിക ഇനത്തിൽ 12130 രൂപ കുടിശികയുള്ളത് ഒടുക്കുന്നതിനും, വാടക കരാർ പുതുക്കുന്നതിനും കമ്പിനി അധികൃതർ ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ നാളിതുവരെ ഈ കുടിശിക തുകകൾ ഒടുക്കുകയോ, വാടക കരാർ പുതുക്കുന്നതിനോ പഞ്ചായത്ത് തയ്യാറായിട്ടില്ല. വിഷയം പഞ്ചായത്ത് അധികൃതരുടെ അടിയന്തിര ശ്രദ്ധയിൽപ്പെടുത്തുന്നു. ഉചിതമായ തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-25 ഹോമിയോ ആശുപത്രി ഇലക്ട്രിഫിക്കേഷൻ – പൊതു പണത്തിന്റെ ധൂർത്ത്

അടങ്കൽ - 400000

എസ്റ്റിമേറ്റ് തുക - 334000

കരാറുകാരൻ - ശ്രീ ഓമനക്കുട്ടൻ വി.വി.

കരാർ നം.20/AE/LSGD/KDP/22-23, Dtd. 24.02.2023

സാങ്കേതികാനുമതി നം. LSGD/CELSGD/EST_TS/74/2023_6_1_1, DT. 18/01/23

മെഷർമെന്റ് എടുത്തത് - ശ്രീ രാജു, മെമ്പർ DLTC (Electrical), LSGD, Pathanamthitta

ചെക്ക് മെഷർ ചെയ്തത് - ശ്രീ സഹദേവൻ വി.വി., മെമ്പർ DLTC (Electrical), LSGD, Pathanamthitta

ബിൽ നം., തീ. 2207075201130155 9736, Dtd. 29.03.23 – 306365/-

ഗ്രാമപഞ്ചായത്തിൽ നിർമ്മാണം പൂർത്തിയാക്കിയ ഹോമിയോ ആശുപത്രി കെട്ടിടത്തിന്റെ വൈദ്യുതീകരണ പ്രവൃത്തിയുടെ നിർവ്വഹണത്തിൽ പൊതു പണത്തിന്റ ധൂർത്തും, ധനദുർവിനിയോഗവും ഉണ്ടായിട്ടുണ്ട്. റോഡിതര മെയിന്റനൻസ് ഗ്രാന്റിൽനിന്നും 4 ലക്ഷം രൂപ വകയിരുത്തിയാണ് പ്രോജക്ട് നടപ്പിലാക്കിയിട്ടുള്ളത്. പ്രവൃത്തിക്ക് 306365 രൂപ ചെലവഴിച്ചു.

പ്രവൃത്തിക്ക് ടെണ്ടർ ക്ഷണിച്ചതിൽ എസ്റ്റിമേറ്റ് നിരക്കിൽ ടെണ്ടർ സമർപ്പിച്ച ശ്രീ ഓമനകുട്ടൻ വി.വി. എന്ന കരാറുകാരനാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്. പെരുപ്പിച്ച എസ്റ്റിമേറ്റ് തയ്യാറാക്കിയാണ് പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുള്ളതെന്ന് പ്രവൃത്തിയുടെ എസ്റ്റിമേറ്റും, ഫൈനൽ ബില്ലും പരിശോധിച്ചതിൽനിന്നും വ്യക്തമായി. കേവലം 1437 ച. അടി വിസ്തൃതിയുള്ള കെട്ടിടം വൈദ്യുതീകരിക്കുന്നതിനാണ് പഞ്ചായത്ത് 334000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത്. 1437 ച.അടി കെട്ടിടത്തിൽ 23 LED ലൈറ്റുകൾ സ്ഥാപിച്ചതായാണ് കാണിച്ചിട്ടുള്ളത്. ഇതിന് 25874.39 രൂപ ചെലവഴിച്ചിരിക്കുന്നു. കെട്ടിടത്തിന് പുറത്ത് 70W, 40W LED ലൈറ്റ് യൂണിറ്റുകൾ 3 എണ്ണം സ്ഥാപിക്കുന്നതിന് 16760.25 രൂപ ചെലവഴിച്ചിരിക്കുന്നു (പ്രസ്തുത തുകകൾക്ക് 18% GST കൂടി കരാറുകാരന് അനുവദിച്ചിട്ടുണ്ട്). ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ എസ്റ്റിമേറ്റിലും ഫൈനൽ ബില്ലിൽ കാണിച്ചിരിക്കുന്ന സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള ലൈറ്റ് ഫിറ്റിംഗുകളല്ല കരാറുകാരൻ പ്രവൃത്തിക്ക് ഉപയോഗിച്ചിട്ടുള്ളതെന്ന് കണ്ടു. സാധാരണ LED ട്യൂബ് ലൈറ്റുകൾ ഉപയോഗിച്ചിട്ടുള്ള സ്ഥാനത്ത് ഉയർന്ന നിരക്കിലുള്ള ലൈറ്റുകൾ ഉപയോഗിച്ചതിന്റെ (1200 Mm 1x20W LED Lamp With Box Type Fixture @1352.99/each) പ്രതിഫലമാണ് കരാറുകാരന് നൽകിയിട്ടുള്ളത്. ഇപ്രകാരം ഒരോ ഇനവും എടുത്ത് പരിശോധിച്ചാൽ പെരുപ്പിച്ച അളവുകളും, നിരക്കുകളുമാണ് കരാറുകാരന് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാകുന്നതാണ്. പ്രവൃത്തിയുടെ ഭാഗമായി 49944 രൂപ ചെലവഴിച്ച് UPS-ഉം സ്ഥാപിച്ചിട്ടുള്ളതായി കണ്ടു. എന്നാൽ യു.പി.എസ്. ഇൻസ്റ്റാൾ ചെയ്തിട്ടില്ല. യു.പി.എസ്. ബാറ്ററികൾ പാക്കറ്റ് പൊട്ടിക്കാതെ സൂക്ഷിച്ചിരിക്കുന്നു. ആശുപത്രി പ്രവർത്തനം ആരംഭിക്കുന്നതിനുമുമ്പായി ഇപ്രകാരം യു.പി.എസും, ബാറ്ററിയും വാങ്ങി സൂക്ഷിച്ചത് ഉചിതമായ നടപടിയല്ല. ഇത്തരം ഉപകരണങ്ങൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കാതെ ദീർഘകാലം സൂക്ഷിച്ചാൽ ഇവ ഉപയോഗശൂന്യമാകുന്നതിന് ഇടയാകും.

ചുരുക്കത്തിൽ ആവശ്യാധിഷ്ഠിതമല്ലാതെ, പ്രവൃത്തിയുടെ കരാർ ലഭിക്കുന്ന വ്യക്തിക്ക് പരമാവധി ലാഭം കിട്ടുന്നതിന് ഉതകുന്ന രീതിയിലാണ് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തിയിട്ടുള്ളതെന്നാണ് കണ്ടത്. ഇത് പൊതു പണത്തിന്റെ ധൂർത്തും, ദുർവിനിയോഗവുമായി ഓഡിറ്റ് വിലയിരുത്തുന്നു.

അപാകത ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഈ വിഷയത്തിൽ ഉചിതമായ തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 1-26 ഓഫീസ് ഫർണിഷിംഗ് പ്രവൃത്തി; കരാർ സ്ഥാപനത്തിന് ബിൽ തുക നൽകിയില്ല – പഞ്ചായത്ത് നിയമക്കുരുക്കിൽ

2020-21-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസ്, കൃഷി ഓഫീസ്, NREGS റൂം, റെക്കോർഡ് റൂം എന്നിവ ഫർണിഷ് ചെയ്യുന്നതിന് വികസന ഫണ്ടിൽനിന്നും 874960 രൂപയും, റോഡിതര മെയിന്റനൻസ് ഗ്രാന്റിൽനിന്നും 550000 രൂപയും ഉൾപ്പടെ ആകെ 1424960 രൂപ അടങ്കൽ വകയിരുത്തി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. 18.09.2020-ലെ 4(1) നമ്പർ പ്രകാരമുള്ള വാർഷിക പദ്ധതി ഭേദഗതി നിർദ്ദേശത്തിലാണ് പഞ്ചായത്ത് ഇപ്രകാരമൊരു പദ്ധതി നടപ്പിലാക്കുന്നതിനു തീരുമാനിച്ചിട്ടുള്ളതെന്നാണ് കാണുന്നത്. ഇപ്രകാരം ഒരു പ്രോജക്ടിന് രൂപം കൊടുത്തുവെങ്കിലും പദ്ധതിയ്ക്ക് വെറ്റിംഗ് ഓഫീസറുടെ അനുമതി ലഭിച്ചിട്ടുള്ളതായി കാണുന്നില്ല. സർക്കാർ അക്രിഡിറ്റഡ് ഏജൻസിയായ മീനച്ചിൽ റബ്ബർവുഡ് ലിമിറ്റഡ്, കോട്ടയം എന്ന സ്ഥാപനം

മുഖാന്തിരം പ്രവൃത്തി നിർവ്വഹിക്കുന്നതിനാണ് പ്രോജക്ടിൽ ഉദ്ദേശിച്ചിരുന്നത്. ആയത് പ്രകാരം അസി.എഞ്ചിനീയർ ടി സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകി. വർക്ക് ഓർഡറിൽ സ്ഥാപനം അസിസ്റ്റന്റ് എഞ്ചിനീയറുമായി കരാറിലേർപ്പെട്ട് പ്രവൃത്തി 15/12/2020-ന് മുമ്പായി പൂർത്തിയാക്കണമെന്ന് നിർദ്ദേശിച്ചു. തുടർന്ന് 28.10.2020-ൽ സ്ഥാപനം അസി.എഞ്ചിനീയറുമായി കരാറിലേർപ്പെട്ടിട്ടു (കരാർ നം. 32/AE/LSGD/KDP/20-21). കരാർ പ്രകാരം സ്ഥാപനം പ്രവൃത്തി പൂർത്തിയാക്കുകയും, 11.12.2020-ൽ 13,99,924/- രൂപയുടെ ബിൽ സമർപ്പിക്കുകയും ചെയ്തു. എന്നാൽ സ്ഥാപനത്തിന് കരാർ പ്രകാരമുള്ള തുക പഞ്ചായത്തിൽനിന്നും നൽകിയിട്ടില്ല.

കരാർ സ്ഥാപനത്തിന് ബിൽ തുക നൽകാതിരുന്നതിന് വിചിത്രമായ കാരണങ്ങളാണ് അസിസ്റ്റന്റ് എഞ്ചിനീയർ ഉയർത്തിയിട്ടുള്ളത്. നിലവിൽ ഈ പദ്ധതി സുലേഖ സോഫ്റ്റ്‌വെയറിൽ മേലുദ്യോഗസ്ഥനിൽ നിന്നും ആവശ്യമായ വെറ്റിംഗ് നടപടി ക്രമം പൂർത്തീകരിച്ചതായി കാണുന്നില്ലെന്നും, ഈ പ്രോജക്ട് മീനച്ചിൽ റബ്ബർ വുഡ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ കൊണ്ട് നടത്തിക്കാൻ ആവശ്യമായ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം ലഭ്യമാക്കാത്തതാണ് പ്രോജക്ടിന് വെറ്റിംഗ് ലഭിക്കാതിരുന്നതെന്നും പറയുന്നു. അതുപോലെ തന്നെ പ്രവൃത്തി നടത്താൻ ഉദ്ദേശിച്ചിരുന്ന സ്ഥലങ്ങളിലല്ല നിർമ്മാണ പ്രവൃത്തികൾ നടത്തിയിട്ടുള്ളതെന്നും ഇപ്രകാരം പ്രോജക്ടിൽനിന്നും വ്യതിചലിച്ച് നിർമ്മാണം നടത്തുന്നതിനും പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടില്ലെന്നുമാണ് അസി. എഞ്ചിനീയർ വിശദീകരിക്കുന്നത്. പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിനകത്ത് തന്നെ അധികാരികളുടെ കൺമുന്നിൽ നടന്ന പ്രവൃത്തികളുടെ കാര്യത്തിൽ ഇത്തരം വാദങ്ങൾ നിലനിൽക്കുന്നതല്ല. കൂടാതെ വെറ്റിംഗ് ഓഫീസർ പരിശോധിച്ച് അംഗീകരിച്ച് വാർഷിക പദ്ധതിയുടെ ഭാഗമാക്കാത്ത പ്രോജക്ടിന് കരാർ നൽകിയത് എന്ത് അടിസ്ഥാനത്തിലാണെന്ന ചോദ്യം അവശേഷിക്കുന്നു. നിർവ്വഹണ സംബന്ധമായ ഇത്തരം അപാകതകൾക്ക് പദ്ധതിയുടെ ചുമതലയുണ്ടായിരുന്ന അസി.എഞ്ചിനീയർ തന്നെയാണ് ഉത്തരവാദി. മുദ്രപത്രത്തിൽ കരാർ ചമച്ച് വർക്ക് ഓർഡർ നൽകി പ്രവൃത്തി പൂർത്തിയാക്കിയതിനുശേഷം ഇത്തരം സാങ്കേതിക പ്രശ്നങ്ങൾ ഉന്നയിക്കുന്നതിൽ സാംഗത്യം ഇല്ല. നടപടി ക്രമങ്ങളിലെ വീഴ്ചയ്ക്ക് നിർവ്വഹണ ചുമതലയുണ്ടായിരുന്ന അസി.എഞ്ചിനീയറും, പഞ്ചായത്ത് ഭരണസമിതിയും ഒരുപോലെ ഉത്തരവാദികളാണ്. നടപടി ക്രമങ്ങളിലെ വീഴ്ച ഭരണ തലത്തിൽ പരിഹരിക്കുന്നതിന് വഴി തേടുകയായിരുന്നു വേണ്ടത്. എന്നാൽ പ്രശ്ന പരിഹാരത്തിനുള്ള ആത്മാർത്ഥമായ യാതൊരു ശ്രമവും പഞ്ചായത്ത് ഭരണസമിതിയുടെ ഭാഗത്തുനിന്നോ, നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നോ ഉണ്ടായിട്ടുള്ളതായി കണ്ടില്ല.

സാങ്കേതിക കാരണങ്ങൾ ഉന്നയിച്ച് കരാർ സ്ഥാപനത്തിന് ബിൽ തുക നൽകാതിരിക്കുന്നത് കരാർ ഉടമ്പടിയുടെ ലംഘനമാണ്. ഉഭയ സമ്മത പ്രകാരം ഏർപ്പെടുന്ന കരാറിലെ വ്യവസ്ഥകൾ പാലിക്കുന്നതിന് കരാറിലേർപ്പെടുന്ന ഇരു കക്ഷികളും ബാധ്യസ്ഥരാണ്. കരാർ എടുത്ത സ്ഥാപനം എന്തെങ്കിലും തരത്തിലുള്ള കരാർ ലംഘനം നടത്തിയതായോ, കരാർ ലംഘനം ചൂണ്ടികാട്ടി പഞ്ചായത്ത് അധികൃതർ കരാർ സ്ഥാപനത്തിന് നോട്ടീസ് നൽകിയതായോ ഫയലിൽ രേഖയില്ല. ഇക്കാരണത്താൽ നടപടി ക്രമങ്ങളിലെ വീഴ്ചയ്ക്ക് കരാർ സ്ഥാപനത്തെ പ്രതിയാക്കാനോ, അവരുടെ പേയ്മെന്റ് തടഞ്ഞുവയ്ക്കുന്നതിനോ പഞ്ചായത്തിന് അധികാരമില്ല. കരാർ സ്ഥാപനം നടത്തിയിട്ടുള്ള പ്രവൃത്തികൾ നിശ്ചിത സ്പെസിഫിക്കേഷൻ പ്രകാരവും, ഗുണനിലവാരം പുലർത്തിയുമാണ് നടത്തിയിട്ടുള്ളതെന്ന് ബോധ്യപ്പെടുന്നതിനും, ചെയ്ത പ്രവൃത്തികളുടെ മൂല്യ നിർണ്ണയം നടത്തി കരാർ സ്ഥാപനത്തിന് അർഹമായ തുക കണക്കാക്കി നൽകുന്നതിനും പഞ്ചായത്തിന് നിയമപരമായ ബാധ്യതയുണ്ട്.

നിലവിൽ കരാർ സ്ഥാപനം ബിൽ തുക ലഭിക്കുന്നതിന് കോടതിയെ സമീപിച്ചിരിക്കുന്നതായാണ് ഓഡിറ്റിന് അറിയാൻ സാധിച്ചിട്ടുള്ളത്. പഞ്ചായത്ത് അധികൃതരുടെ, പ്രത്യേകിച്ച് പദ്ധതിയുടെ നിർവ്വഹണ ചുമതലയുണ്ടായിരുന്ന അസി.എഞ്ചിനീയറുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ് പഞ്ചായത്തിനെ നിയമകുരുക്കിലേക്ക് നയിച്ചിട്ടുള്ളത്. ഈ പ്രോജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട വസ്തുതകൾ പരിഗണിക്കുമ്പോൾ കോടതിയിലുള്ള കേസ് പഞ്ചായത്തിന് അനുകൂലമായി വരുന്നതിന് യാതൊരു സാധ്യതയും കാണുന്നില്ല. കരാർ സ്ഥാപനത്തിന് ബിൽ തുകയും, അതിന്മേലുള്ള പലിശയും, കോടതി ചെലവും ഉൾപ്പെടെ കോടതിയുടെ ഒരു ഉത്തരവിലൂടെ നൽകേണ്ടിവരുന്ന സാഹചര്യമാണ് ഉരുത്തിരിയുന്നത്.

ഈ പ്രവൃത്തിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് പഞ്ചായത്തിനുണ്ടാകുന്ന ഏതൊരു സാമ്പത്തിക ബാധ്യതയ്ക്കും പദ്ധതിയുടെ നിർവ്വഹണ ചുമതലയുണ്ടായിരുന്ന അസി.എഞ്ചിനീയറും പഞ്ചായത്ത് ഭരണസമിതിയും ഉത്തരവാദികളായിരിക്കുന്നതാണ്. നടപടി ക്രമങ്ങൾ പാലിക്കാതെ കരാർ നൽകിയ അസി.എഞ്ചിനീയർക്കെതിരെ ഭരണതല നടപടികൾക്ക് ഓഡിറ്റ് ശുപാർശ ചെയ്യുന്നു. കൂടാതെ നിയമനടപടികൾ ഒഴിവാക്കി കോടതിക്ക് പുറത്ത് കേസ് രമ്യമായി പരിഹരിക്കുന്നതിനുള്ള സാധ്യതകളും പഞ്ചായത്ത് ആരായേണ്ടതാണ്.

## 1-27 16 ലക്ഷം രൂപ ചെലവഴിച്ച് സ്ഥാപിച്ച ആധുനിക ശ്മശാനം പഞ്ചായത്ത് മാലിന്യ സംഭരണ കേന്ദ്രമാക്കി

പഞ്ചായത്തിന്റെ 2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ത്രിതല പഞ്ചായത്തുകളുടെ സംയുക്ത പദ്ധതിയായി ആവിഷ്കരിച്ച ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണം നാളിതുവരെ പൂർത്തിയാക്കിയിട്ടില്ല. പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ അക്രിഡിറ്റഡ് ഏജൻസിയായ COSTFORD-നെയാണ് ഏൽപ്പിച്ചത്. 22.02.2017-ലെ 1213/2016-17നമ്പർ പ്രകാരം എഗ്രിമെന്റ് വെച്ച് രണ്ട് തവണകളായി 16 ലക്ഷം രൂപ നിർവ്വഹണ ഏജൻസിക്ക് നൽകിയിട്ടുണ്ട്. കരാർ ഉടമ്പടി പ്രകാരം 6 മാസം കൊണ്ട് പൂർത്തിയാക്കേണ്ടിയിരുന്ന ഈ പ്രവൃത്തി ഓഡിറ്റ് തീയതി വരെ പൂർത്തിയാക്കിയിട്ടില്ല. എഗ്രിമെന്റ് വെച്ച് 6 വർഷങ്ങൾ പിന്നിട്ടിട്ടും ക്രിമിറ്റോറിയം കെട്ടിടത്തിന്റെ നിർമ്മാണം മാത്രമാണ് COSTFORD പൂർത്തിയാക്കിയിട്ടുള്ളത്. കെട്ടിട നിർമ്മാണം തന്നെ ഭാഗികമായി മാത്രമാണ് പൂർത്തിയാക്കിയിട്ടുള്ളത്. കെട്ടിടത്തിലേക്ക് പ്രവേശിക്കുന്നതിനുള്ള റാമ്പ് ഉൾപ്പടെ ഫിനിഷിംഗ് പ്രവൃത്തികളും ബാക്കിയാണ്. ഗ്യാസ് ചേമ്പർ സ്ഥാപിച്ചിട്ടില്ല. ഗ്യാസ് ചേമ്പർ സ്ഥാപിക്കുന്ന സ്ഥാപനത്തിന് അഡ്വാൻസ് നൽകുന്നതിനുള്ള 5 ലക്ഷം രൂപ ഉൾപ്പടെയാണ് 16 ലക്ഷം രൂപ പഞ്ചായത്ത് നിർവ്വഹണ ഏജൻസിക്ക് അഡ്വാൻസ് നൽകിയത്.

സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കാത്തത് സംബന്ധിച്ചും, പദ്ധതിയുടെ നിർവ്വഹണത്തിലുണ്ടായിട്ടുള്ള നടപടി ക്രമങ്ങളുടെ വീഴ്ചയും മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ ചൂണ്ടികാണിച്ചിട്ടുള്ളതാണ്. എന്നാൽ അപാകതകൾ പരിഹരിച്ച് പ്രോജക്ട് പൂർത്തീകരിക്കുന്നതിനുള്ള ശ്രമങ്ങൾ പഞ്ചായത്തിന്റെ ഭാഗത്തുനിന്നു ഉണ്ടായിട്ടില്ലെന്നാണ് കാണുന്നത്. നിലവിൽ ക്രിമറ്റോറിയം കെട്ടിടം പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് സൂക്ഷിക്കുന്നതിനാണ് ഉപയോഗിക്കുന്നത്. COSTFORD-ന് പഞ്ചായത്തിൽനിന്നും മുൻകൂറായി നൽകിയ 16 ലക്ഷം രൂപയും പഞ്ചായത്തിന്റെ കണക്കുകളിൽ ക്രമീകരിക്കാത്ത മുൻകൂറായി അവശേഷിക്കുന്നു. പദ്ധതിയുമായി സഹകരിച്ച ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് ഫണ്ട് യൂട്ടിലൈസേഷൻ സർട്ടിഫിക്കേറ്റുകൾ നൽകാൻ സാധിക്കാത്ത സാഹചര്യവും നിലനിൽക്കുന്നു.

ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ പരിഗണിക്കുമ്പോൾ ഒരു ആധുനീക ക്രിമറ്റോറിയം പഞ്ചായത്തിൽ അനിവാര്യമാണ്. ആധുനിക ശ്മശാന നിർമ്മാണം പഞ്ചായത്ത് ഏറ്റെടുക്കുന്നതിന് മുമ്പ് സ്ഥലത്ത് ഉണ്ടായിരുന്ന ടിൻഷീറ്റ് മേഞ്ഞ് പൊട്ടി പൊളിഞ്ഞ ഷഡ്ഡാണ് നിലവിൽ ശവശരീരങ്ങൾ ദഹിപ്പിക്കുന്നതിന് ആളുകൾ ഉപയോഗപ്പെടുത്തുന്നത്. ശവശരീരങ്ങൾ ഇവിടെ കൊണ്ടുവന്ന് വിറകൊ, ഗ്യാസോ ഉപയോഗിച്ച് ദഹിപ്പിക്കുകയാണ് ചെയ്യുന്നത്. പൊതു ഖജനാവിൽനിന്നും ലക്ഷ കണക്കിന് രൂപ ചെലവഴിച്ചെങ്കിലും പൊതു ജനങ്ങൾക്ക് അതുകൊണ്ട് ഒരു പ്രയോജനവും ഉണ്ടായിട്ടില്ലെന്നത് ഖേദകരമാണ്.

പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നിലവിൽ അടിസ്ഥാന സൗകര്യങ്ങളുടെയോ, ഫണ്ടിന്റെയോ പരിമിതിയില്ല. നിർവ്വഹണ ഏജൻസി ആവശ്യപ്പെട്ട അടിസ്ഥാന സൗകര്യങ്ങളായ റോഡ് കണക്ടിവിറ്റി, 3 ഫേസ് വൈദ്യുതി കണക്ഷൻ, ജല ലഭ്യത എന്നിവയെല്ലാം പഞ്ചായത്ത് ഒരുക്കിയിട്ടുണ്ട്. പ്രവൃത്തി കരാറെടുത്ത ഏജൻസിയുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ് പ്രവൃത്തി നീണ്ടുപോകുന്നതിന് കാരണമായിട്ടുള്ളത്. കരാർ ഉടമ്പടി പ്രകാരമുള്ള സമയക്രമം പാലിക്കാതെ പ്രവൃത്തി അനന്തമായി നീട്ടികൊണ്ടുപൊകുന്ന COSTFORD-ന് എതിരെ പഞ്ചായത്ത് യാതൊരു നടപടിയും നാളിതുവരെ സ്വീകരിച്ചിട്ടില്ല.

മുടങ്ങി കിടക്കുന്ന പദ്ധതി പൂർത്തീകരിക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 1-28 പഞ്ചായത്ത് ഹാൾ നവീകരണം - ഗുണപരമല്ലാത്ത നിർവ്വഹണം

അടങ്കൽ - 525000

കരാറുകാരൻ - ശ്രീ കെ.എം. യോഹന്നാൻ

കരാർ നം. 22/AE/LSGD/KDP/22-23, Dtd. 28.03.23

ചെലവ് - 453840

ബിൽ നം.22070752011301545091/28.03.23

2022-23-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ പഞ്ചായത്ത് ഹാൾ നവീകരണം എന്ന പ്രവൃത്തി വികലമായാണ് നടപ്പിലാക്കിയിട്ടുള്ളത്. ഗണ്യമായ തുക അടങ്കൽ വകയിരുത്തി നടപ്പിലാക്കിയ ഈ പ്രവൃത്തികൊണ്ട് പഞ്ചായത്തിനോ, പൊതു സമൂഹത്തിനോ പ്രത്യേകിച്ച് ഒരു പ്രയോജനവും സിദ്ധിച്ചിട്ടില്ല.

പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ മുകൾ നിലയിലുള്ള ഷീറ്റ് മേഞ്ഞ ഹാളിന്റെ ചോർച്ച പരിഹരിക്കുന്നതിന് പുതിയ GI ഷീറ്റ് മേയുന്നതിനും, അതുപോലെ തന്നെ കേടുപാടുവന്ന നിലവിലുള്ള PVC സീലിംഗ് മാറ്റി പുതിയത് സ്ഥാപിക്കുന്നതിനുമാണ് പ്രധാനമായും എസ്റ്റിമേറ്റിൽ പ്രൊവിഷൻ ഉണ്ടായിരുന്നത്. തകർന്ന ജനൽ ചില്ലുകൾ മാറ്റി സ്ഥാപിക്കുന്നതിനും, കേടുവന്ന ഫ്ലോർ ടൈലുകൾ മാറുന്നതിനും, പെയിന്റിംഗ് നടത്തുന്നതിനും എസ്റ്റിമേറ്റിൽ ഇനങ്ങൾ ഉൾപ്പെടുത്തിയിരുന്നു. പദ്ധതിയ്ക്ക് പൊതുവിഭാഗം വികസന ഫണ്ടിൽനിന്നും 577300 രൂപയായിരുന്നു വകയിരുത്തിയിരുന്നത്. പ്രവൃത്തിക്ക് ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്കിൽ (488731) ടെണ്ടർ സമർപ്പിച്ച ശ്രീ

കെ.എം. യോഹന്നാൻ എന്ന കരാറുകാരനാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്. 28.02.2023-ൽ എഗ്രിമെന്റ് വെച്ച ഈ പ്രവൃത്തിയുടെ പാർട്ട് ബിൽ കരാറുകാരൻ 28.03.2023-ൽ സമർപ്പിച്ചു. പാർട്ട് ബിൽ പ്രകാരം കരാറുകാരൻ 453840രൂപയുടെ പ്രവൃത്തി നടത്തിയിട്ടുണ്ട്.

ഈ പ്രവൃത്തിയുടെ ഇനം 10 പ്രകാരം 74.070 Sqm സെറാമിക് ടൈൽ പാകുന്ന പ്രവൃത്തിക്ക് കരാറുകാരന് 1215/sqm നിരക്കിൽ 90833 രൂപ പ്രതിഫലം നൽകിയിട്ടുണ്ട്. ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ ഗുണനിലവാരം ഇല്ലാത്തതും, പഴക്കം ചെന്നതുമായ ടൈലുകളാണ് പ്രവൃത്തിക്ക് ഉപയോഗിച്ചിട്ടുള്ളതെന്ന് കണ്ടു. ച.അടിക്ക് 1104.73 എസ്റ്റിമേറ്റ് നിരക്ക് ഉണ്ടായിരുന്ന സ്ഥാനത്ത് 1215/sqm നിരക്കിലാണ് കരാറുകാരൻ ടെണ്ടർ എടുത്തിരുന്നത് (10% അധിക നിരക്ക്). ഉയർന്ന നിരക്കിൽ ടെണ്ടർ തരപ്പെടുത്തിയതിനുശേഷം ഗുണനിലവാരമില്ലാത്ത മെറ്റീരിയൽസ് പ്രവൃത്തിക്ക് ഉപയോഗിക്കുന്നത് അംഗീകരിക്കാനാവില്ല. തൃപ്തികരമല്ലെന്ന് കാണുന്ന പ്രവൃത്തിയോ അല്ലെങ്കിൽ ഗുണനിലവാരമില്ലാത്ത സാധനങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള പ്രവൃത്തിയോ തദ്ദേശഭരണ സ്ഥാപനം നിർദ്ദേശിക്കുന്ന രീതിയിൽ പൊളിച്ച് മാറ്റി ഗുണനിലവാരമുള്ള സാധനങ്ങൾ ഉപയോഗിച്ച് പുനർനിർമ്മിക്കുന്നതിന് കരാറുകാരൻ ബാധ്യസ്ഥനാണ്. അല്ലാത്തപക്ഷം തദ്ദേശഭരണ സ്ഥാപനത്തിന് യുക്തംപോലെ പിഴ ചുമത്താവുന്നതും കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ മറ്റൊരു കരാറുകാരനെകൊണ്ട് പുനർനിർമ്മിക്കാവുന്നതുമാണ്. ഈ വിഷയത്തിൽ വിശദീകരണം ആരാഞ്ഞതിൽ പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് ഗുണനിലവാര പരിശോധന ഉൾപ്പടെയുള്ളവ ബോധ്യപ്പെട്ട് മാത്രമേ അന്തിമ തുക നൽകുന്നതിനുള്ള നടപടി സ്വീകരിക്കുകയുള്ളൂവെന്ന് അസി.എഞ്ചിനീയർ ഓഡിറ്റിനെ അറിയിച്ചു.

കൂടാതെ കേടുപാടുവന്ന നിലവിലുള്ള സീലിംഗ് ഇളക്കി മാറ്റിയാണ് പുതിയ പി.വി.സി. സീലിംഗ് പ്രവൃത്തി നടത്തിയിട്ടുള്ളതെന്ന് കണ്ടു. ഇക്കാരണത്താൽ സീലിംഗ് പ്രവൃത്തിയുടെ അനുബന്ധ പ്രവൃത്തികളായ ചുവടെ ചേർക്കുന്ന 8, 9 ഇനങ്ങൾ ഒഴിവാക്കി പ്രവൃത്തി പൂർത്തിയാക്കാൻ കഴിയുമായിരുന്നു.

| ഇനം നമ്പർ | ഇനം | അളവ് | നിരക്ക് | തുക |
|---|---|---|---|---|
| 8 | 21.5: Providing And Fixing Powder Coated Aluminium Work (Minimum Thickness Of Powder Coating 50 Micron) Consisting Of Tee/angle Sections, Of Approved Make ...... | 14.825 Kg | 832.30 | 12338.85 |
| 9 | 21.6: Providing And Fixing 6 Mm Dia Gl Level Adjusting Hangers (Upto 1200 Mm Length), Fixec To Roof Slabs............ | 160 Nos. | 91.60 | 14656 |

മേൽ പറഞ്ഞ പ്രവൃത്തികൾക്ക് കരാറുകാരന് പ്രതിഫലമായി നൽകിയ 26995 രൂപ ഒഴിവാക്കാമായിരുന്ന ചെലവാണെന്നാണ് കണ്ടത്. അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം25/25.11.23) അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ കാലപ്പഴക്കം മൂലം നിലവിലുണ്ടായിരുന്ന അലൂമിനിയം സെക്ഷൻ പലതും ദ്രവിച്ചതും, ബലക്ഷയം ഉള്ളതുമായിരുന്നുവെന്നാണ് വിശദീകരിച്ചത്. വിശദീകരണം തൃപ്തികരമല്ല.

**പാർട്ട് ബിൽ മാറിയ പ്രവൃത്തി കരാറുകാരൻ ഉപേക്ഷിച്ചു**

ഈ പ്രവൃത്തിയുടെ നിർവ്വഹണ കാലയളവ് 6 മാസമായിരുന്നു. 28.02.2023-ൽ എഗ്രിമെന്റ് വെച്ച പ്രവൃത്തി 27.08.2023-ന് മുമ്പായി പൂർത്തിയാക്കേണ്ടതായിരുന്നു. എന്നാൽ 28.03.2023-ൽ പാർട്ട് ബിൽ സമർപ്പിച്ചതിനുശേഷം കരാറുകാരൻ പ്രവൃത്തി തുടർന്ന് നടത്തിയിട്ടില്ല. കരാർ വ്യവസ്ഥ ലംഘിച്ച കരാറുകാരനെതിരെ അസിസ്റ്റന്റ് എഞ്ചിനീയർ നടപടി സ്വീകരിച്ചിട്ടില്ല. പ്രവൃത്തി പൂർത്തീകരണത്തിൽ വീഴ്ചവരുത്തിയ കരാറുകാരനെതിരെ നടപടി സ്വീകരിക്കാതിരുന്നത് വീഴ്ചയാണ്.

**ലക്ഷ്യബോധമില്ലാത്ത പ്രവൃത്തി**

ഗണ്യമായ തുക അടങ്കൽ വകയിരുത്തി നടപ്പിലാക്കിയ ഈ പ്രവൃത്തികൊണ്ട് പഞ്ചായത്തിനോ, പൊതു സമൂഹത്തിനോ പ്രത്യേകിച്ച് ഒരു പ്രയോജനവും സിദ്ധിച്ചിട്ടില്ലെന്നാണ് കാണുന്നത്. കെട്ടിടത്തിന്റെ ചോർച്ച പരിഹരിക്കാൻ കഴിഞ്ഞുവെന്ന പരിമിതമായ പ്രയോജനം മാത്രമാണ് ഈ പദ്ധതികൊണ്ട് സാധ്യമായിട്ടുള്ളത്. ഒരു മീറ്റിംഗ് ഹാളായി ഉപയോഗപ്പെടുത്താൻ കഴിയുന്ന വിധത്തിൽ ഹാളിന്റെ നവീകരണം സാധ്യമാകുന്ന തരത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തുന്നതിന് ബന്ധപ്പെട്ടവർ ശ്രദ്ധിച്ചിട്ടില്ല. ഹാളിന്റെ നിലവിലുണ്ടായിരുന്ന സീലിംഗ് ഇളക്കി മാറ്റിയത് പൂർണ്ണമായും പുനർനിർമ്മിച്ചിട്ടില്ല. പ്രോജക്ടിന്റെ ഭാഗമായി നടത്തിയിട്ടുള്ള സീലിംഗ് പ്രവൃത്തികൾ ഉൾപ്പെടെയുള്ള പണികൾ ഗുണനിലവാരം പുലർത്തിയല്ല ചെയ്തിട്ടുള്ളത്. ഈ പ്രവൃത്തിക്ക് പൊതു ഖജനാവിൽനിന്നും ചെലവഴിച്ച തുകയ്ക്ക് സാമാനമായ യാതൊരു പ്രയോജനവും ഉണ്ടായിട്ടില്ലെന്നാണ് കണ്ടത്.

ഇത് സംബന്ധിച്ച് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.25/25.11.2023)

അസി.എഞ്ചിനീയർ വിശദീകരണം ലഭ്യമാക്കിയിട്ടുണ്ട്. പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ അലക്ഷ്യമായി കിടക്കുന്ന ഫയലുകളും ഉപയോഗശൂന്യമായ ഫർണിച്ചറുകളും മറ്റും കിടക്കുന്നതിനാൽ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കില്ലെന്ന് കരാറുകാരൻ അറിയിച്ചതായി മറുപടിയിൽ പറയുന്നു. കൂടാതെ ഫണ്ടിന്റെ അപര്യാപ്തത മൂലമാണ് സീലിംഗ് പൂർണ്ണമായും പുനർനിർമ്മിക്കാൻ സാധിക്കാഞ്ഞതെന്നും വിശദീകരിച്ചു. കൂടാതെ പ്രവൃത്തി പൂർത്തിയാക്കുന്ന മുറയ്ക്ക് പ്രവൃത്തിയുടെ ഗുണനിലവാര പരിശോധന ഉൾപ്പെടെയുള്ളവ ബോധ്യപ്പെട്ട് മാത്രമേ അന്തിമ തുക നൽകുകയുള്ളുവെന്നും അറിയിച്ചു,

ഗുണപരമല്ലാത്ത രീതിയിൽ പ്രവൃത്തി നിർവ്വഹിച്ചത് ഭരണസമിതിയുടെ സവിശേഷ ശ്രദ്ധയിൽപ്പെടുത്തുന്നു. പ്രവൃത്തിയുടെ ഗുണപരമായ പൂർത്തീകരണത്തിനാവശ്യമായ നടപടികൾ ഭരണസമിതിയുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

## 1-29 കരാർ വെച്ച പ്രവൃത്തികൾ കാരണം കൂടാതെ ഉപേക്ഷിച്ചു

മുൻ സാമ്പത്തിക വർഷങ്ങളിൽ പഞ്ചായത്ത് ആവിഷ്കരിച്ച വിവിധ മരാമത്ത് പ്രവൃത്തികൾ ടെണ്ടർ ചെയ്ത് കരാർ വെച്ചതിനുശേഷം പ്രവൃത്തി ഉപേക്ഷിച്ചിട്ടുള്ളതായി കണ്ടു. ഉപേക്ഷിച്ച പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | കരാർ തുക | കരാറുകാരന്റെ പേര് | കരാർ നം., തീയതി | ജാമ്യ നിക്ഷേപം |
|---|---|---|---|---|---|
| 1 | 24/20 – കോയിച്ചിറ കോളനി റോഡ് സംരക്ഷണം വാർഡ് 13 | 436526 | ശ്രീ ബിനോയ് വി.പി., മണത്തറ വട്ടവത്ത്, വളഞ്ഞവട്ടം | 46/19-20, Dtd.05.03.2020 | 25000 |
| 2 | 206/21 - തിക്കപ്പുഴ-മുത്താരമ്മൻപടി റോഡ് പുനരുദ്ധാരണം | 399957 | ശ്രീ അനിൽ എസ്. ഉഴത്തിൽ | 7/20-21 Dtd. 22.07.20 | 10000 |
| 4 | 85/21 - കോട്ടക്കമാലി പാലം -കോളനി റോഡ് പുനരുദ്ധാരണം | 405000 | SSA ലേബർ കോൺട്രാക്ട് കോ.ഓ. സൊസൈറ്റി, പരുമല | 10/20-21 Dtd. 22.07.20s | --- |
| 5 | 104/21 – ചാമക്കാലപ്പടിപുത്തൻപറമ്പിൽപടിറോഡ് മെയിന്റനന്സ് | 28431 | ശ്രീ ഹരീഷ് എം.പി. നിർമ്മിതി ഭവൻ, പൊടിയാടി | 13/20-21, Dtd. 05.08.20 | 1550 |
| 6 | 84/21 - കൊച്ചുപറമ്പ് മാത്തിൽപടി നടവഴി മെയിൻറനൻസ് | 49950 | ശ്രീ ഹരീഷ് എം.പി. നിർമ്മിതി ഭവൻ, പൊടിയാടി | 14/20-21, Dtd. 05.08.20 | 1250 |
| 7 | 109/21 - മണലിൽപടി വട്ടംമാക്കൽ പടി റോഡ് മെയിൻറെനൻസ് വാർഡ്-12 | 199800 | ശ്രീ മോൻസൺ ഐസക് | 16/20-21, Dtd. 07.08.20 | 8900 |
| 8 | 207/21 - വിളക്കുപാട്ടത്തിൽപടി-പരുത്തിക്കൽ പുഞ്ച റോഡ് പുനരുദ്ധാരണം | 267822 | ശ്രീ മോൻസൺ ഐസക് | 18/20-21 Dtd. 07.08.20 | 13400 |
| 9 | 145/21 - കാക്കയിൽ പാടശേഖരം തോടിന് ആഴംകൂട്ടൽ | 50000 | ശ്രീ അലക്സ് കുര്യൻ | 28/20-21 Dtd. 01.10.20 | -- |
| 10 | 28/21 - അരയൻപറമ്പ് റോഡ് NSS കരയോഗംപടി മുതൽ റീടാറിംഗ് | 129547 | ശ്രീ അനിൽ എസ്. ഉഴത്തിൽ | 34/20-21 Dtd. 05.11.20 | 13500 |
| 11 | 29/21 - തെക്കേടത്ത്പറമ്പ് റോഡ് റീടാറിംഗ് | 300000 | ശ്രീ അനിൽ എസ്. ഉഴത്തിൽ | 35/20-21 Dtd. 05/11/20 | 16500 |
| 12 | 101/21 - പബ്ളിക് ടോയിലെറ്റ് | 300000 | ശ്രീ കെ.എം. യോഹന്നാൻ | 37/20-21 Dtd. 12.01.21 | 15000 |
| 13 | 36/21 - ചേരിയിൽപടി റോഡ് പുനരുദ്ധാരണം | 267128 | SSA ലേബർ കോൺട്രാക്ട് കോ.ഓ. സൊസൈറ്റി, പരുമല | 43/20-21 Dtd.26.02.21 | -- |
| 14 | 43/21 - മനക്കൽകുഴി കലുങ്ക് സംരക്ഷണം | 355938 | SSA ലേബർ കോൺട്രാക്ട് കോ.ഓ. സൊസൈറ്റി, പരുമല | 44/20-21 Dtd.26.02.21 | -- |

കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ക്ലോഷർ എഗ്രിമെന്റ് വെച്ച് ടി പ്രവൃത്തികളുടെ കരാർ

അവസാനിപ്പിച്ചതായി കണ്ടില്ല. നടപടി ക്രമങ്ങൾ പാലിക്കാതെ കരാർ അവസാനിപ്പിച്ചത് ക്രമപ്രകരമല്ല. ടി പ്രവൃത്തികൾ ഉപേക്ഷിക്കാനുണ്ടായ കാരണം വ്യക്തമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.6/22.11.23) അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ വിശദീകരണത്തിൽ പ്രോജക്ട് നം. 104/21, 84/21/ 109/21, 45/21, 28/21, 36/21 43/21 എന്നീ പ്രോജക്ടുകൾ പഞ്ചായത്ത് കമ്മിറ്റിയുടെ 12.07.22-ലെ 6(4) തീരുമാന പ്രകാരം ഉപേക്ഷിച്ചിട്ടുള്ളതാണെന്ന് വ്യക്തമാക്കി. പ്രവൃത്തികൾ ഇതുവരെ ആരംഭിച്ചിട്ടില്ലാത്തതിനാലും, ഫണ്ടിന്റെ അപര്യപ്തതമൂലവുമാണ് പ്രവൃത്തികൾ ഉപേക്ഷിക്കാൻ കാരണമെന്നാണ് ടി തീരുമാനത്തിൽ പറയുന്നു. എഗ്രിമെന്റ് വെച്ച പ്രവൃത്തി കരാറുകാർ യഥാസമയം നിർവ്വഹിക്കാതിരുന്നതാണ് പഞ്ചായത്തിന് സ്പിൽ ഓവർ ബാധ്യത വരുത്തിവെച്ചതെന്ന് പ്രസ്തുത തീരുമാനത്തിൽനിന്നും വ്യക്തമാണ്.

മറ്റ് പദ്ധതികൾ സ്പിൽ ഓവർ പദ്ധതികളിൽ ഉൾപ്പെടുത്തുന്നതിന് അസി.എഞ്ചിനീയർ നിർദ്ദേശിച്ചെങ്കിലും പഞ്ചായത്ത് ഇവ സ്പിൽ ഓവറിൽ ഉൾപ്പെടുത്തിയില്ലെന്ന് പറയുന്നു. കരാറുകാർ പ്രവൃത്തി ആരംഭിക്കാത്തതാണ് ഇവിടെയും പദ്ധതി ഉപേക്ഷിക്കാൻ കാരണമെന്നാണ് വ്യക്തമാകുന്നത്. കരാറുടമ്പടി വച്ച് 10 ദിവസത്തിനുള്ളിൽ പ്രവൃത്തി നടത്തുന്നതിനായി സ്ഥലം ഏറ്റുവാങ്ങേണ്ടതും, സ്ഥലം ഏറ്റുവാങ്ങിയാലുടൻ പ്രവൃത്തി ആരംഭിക്കേണ്ടതുമാണ്. ഇതിൽ വീഴ്ച വരുത്തിയാൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ മറ്റൊരു കരാറുകാരനെ കൊണ്ട് റീടെണ്ടറിലൂടെ പ്രവൃത്തി ചെയ്യിക്കാവുന്നതാണ്. ടി പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ കരാറുകാർ യഥാസമയം പ്രവൃത്തി നടത്താതെ വീഴ്ചവരുത്തിയെങ്കിലും അസി.എഞ്ചിനീയർ നടപടിയൊന്നും സ്വീകരിച്ചില്ലെന്നാണ് വ്യക്തമാകുന്നത്. പ്രോജക്ടുകൾ സ്പിൽ ഓവറാവുകയും പര്യാപ്തമായ ഫണ്ട് ഇല്ലാത്തതിനാൽ സ്പിൽ ഓവർ ബാധ്യത വഹിക്കാനാവാതെ പഞ്ചായത്ത് പദ്ധതികൾ ഉപേക്ഷിക്കുന്നതിന് നിർബന്ധിതമാവുകയും ചെയ്തിട്ടുള്ളതായാണ് കാണുന്നത്. പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കുന്ന കാര്യത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഭാഗത്തും വീഴ്ചയുണ്ടായി.

കരാറുകാരുടെ ഭാഗത്തുനിന്നുള്ള വീഴ്ചകാരണമാണ് പ്രവൃത്തികൾ സ്പിൽ ഓവറാകുകയും, അവസാനം ഉപേക്ഷിക്കപ്പെടുകയും ചെയ്തതെന്ന് വ്യക്തമായിട്ടുള്ള സാഹചര്യത്തിൽ ടി പ്രവൃത്തികൾക്ക് കരാറുകാർ ഹാജരാക്കിയിട്ടുള്ള ജാമ്യ നിക്ഷേപ തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് അസി. എഞ്ചിനീയർ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. പ്രസ്തുത പ്രവൃത്തികളുടെ ജാമ്യനിക്ഷേപത്തിന്റെ നിലവിലെ സ്ഥിതി ഓഡിറ്റ് എൻക്വയറിയിലൂടെ ആരാഞ്ഞെങ്കിലും അസിസ്റ്റന്റ് എഞ്ചിനീയർ ഇത് സംബന്ധിച്ചുള്ള വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുന്നതിന് തയ്യാറായില്ലെന്ന വിവരവും ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-30 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ വീഴ്ച - 0.59 കോടി രൂപയുടെ പദ്ധതികൾ നടപ്പായില്ല

2022-23-ലെ വാർഷിക പദ്ധതിയുടെ ഭാഗമായി ആവിഷ്കരിച്ചിട്ടുള്ള ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികൾ തൻവർഷം ടെണ്ടർ ചെയ്ത് കരാർ നൽകിയിട്ടുള്ളതായി കണ്ടില്ല.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ |
|---|---|---|---|
| 1 | 37 | 1-ാം നമ്പർ അംഗൻവാടി മെയിന്റനൻസ് | 165000 |
| 2 | 40 | 15-ാം നമ്പർ അംഗൻവാടി മെയിന്റെനൻസ് (വാർഡ് 5 ) | 495000 |
| 3 | 39 | 16-ാം നമ്പർ അംഗൻവാടി മേയിന്റനൻസ് ( ബാലവാടി ജംഗ്ഷൻ അംഗൻവാടി വാർഡ് 8 ) | 219800 |
| 4 | 76 | 6-ാം നമ്പർ സ്മാർട്ട് അംഗൻവാടി കെട്ടിട നിർമ്മാണം | 3231328 |
| 5 | 136 | എയറോബിക് ബിൻ തുമ്പൂർമുഴി മാതൃക | 352000 |
| 6 | 165 | കൈരളി വായനശാലപ്പടി-ആലത്ത് കടവ് റോഡ് റീ ടാറിംഗ് | 300000 |
| 7 | 162 | കോച്ചേരിൽ നടപ്പാത നിർമ്മാണംബഹുസംസ്ഥാനബാലാവകാശ കമ്മീഷൻ നിർദ്ദേശാനുസരണം | 575000 |
| 8 | 150 | ഗവയുപിഎസ്കടപ്ര-ടോയ്ലറ്റ് നിർമ്മാണം | 421300 |
| 9s | 105 | മോഴശ്ശേരി എം ഡി എൽ പി എസ് ടോയിലെറ്റ് നിർമ്മാണം | 218000 |
| | | ആകെ | 5977428 |

പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിലുണ്ടായിട്ടുള്ള വീഴ്ചയ്ക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം.14/22.11.2023) അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഈ പ്രവൃത്തികൾക്ക് സാമ്പത്തിക അനുമതിയും, സാങ്കേതികാനുമതിയും വാങ്ങുന്നതുൾപ്പടെയുള്ള നടപടികൾ ആരംഭിച്ചത് 2022 നവംബർ മാസത്തോടെയാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയറുടെ മറുപടിയിൽനിന്നും വ്യക്തമാണ്. പ്രവൃത്തികളുടെ ടെണ്ടർ/റീടെണ്ടർ നടപടികൾ സാമ്പത്തിക വർഷാന്ത്യത്തിലേക്ക് നീണ്ടുപോയി. 32 ലക്ഷം രൂപ അടങ്കലുണ്ടായിരുന്ന സ്മാർട്ട് അങ്കവാടി കെട്ടിടത്തിന്റെ ടെണ്ടർ ക്ഷണിച്ചത് 02/03/23-ലാണ്. ടെണ്ടർ 25/03/23-ൽ കമ്മിറ്റി അംഗീകരിച്ചെങ്കിലും ഓഡിറ്റ് തീയതിയിലും കരാർ വെച്ചിട്ടില്ല. കെട്ടിടം പണി നടത്തേണ്ട സ്ഥലത്തുള്ള പഴയ കെട്ടിടം

ഇതുവരെ പൊളിച്ച നീക്കിയിട്ടില്ലാത്തതാണ് കാരണമായി പറയുന്നത്.

പ്രോജക്റ്റുകളുടെ നിർവ്വഹണത്തിന് ഒരു സാമ്പത്തിക വർഷം മുഴുവൻ ലഭ്യമാകുന്നതിനുവേണ്ടിയാണ് സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പായി വാർഷിക പദ്ധതിയ്ക്ക് അംഗീകാരം വാങ്ങുന്നതിന് സർക്കാർ നിഷ്കർഷിച്ചിട്ടുള്ളത്. പഞ്ചായത്തിന്റെ 2022-23-ലെ വാർഷിക പദ്ധതിയ്ക്ക് സാമ്പത്തികവർഷാരംഭത്തിൽതന്നെ ഡി.പി.സി. അംഗീകാരം നൽകിയിരുന്നു. എന്നാൽ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം പതിവുപോലെ സാമ്പത്തിക വർഷാന്ത്യത്തിലേക്ക് വലിച്ചിഴച്ചതായാണ് കാണുന്നത്. വാർഷിക പദ്ധതിയുടെ ഭാഗമായി ആവിഷ്കരിക്കുന്ന പ്രോജക്റ്റുകൾ സമയബന്ധിതമായി നടപ്പിലാക്കാതിരിക്കുന്നത് പ്രോജക്റ്റുകൾക്ക് വകയിരുത്തുന്ന ഫണ്ട് ലാപ്സാകുന്നതിന് ഇടയാക്കും. കൂടാതെ പദ്ധതികൾ നടപ്പിലാക്കുന്നതിലൂടെ ജനങ്ങൾക്ക് ലഭിക്കുമായിരുന്ന സേവനങ്ങൾ യഥാസമയം ലഭിക്കാതെ പോവുകയും ചെയ്യും. പ്രോജക്റ്റുകളുടെ നിർവ്വഹണം സമയബന്ധിതമാക്കുന്നതിന് ബന്ധപ്പെട്ടവർ സവിശേഷം ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-31 മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കിയില്ല

ഓഡിറ്റ് വർഷം (2022-23) ടെണ്ടർ ചെയ്ത് കരാർ നൽകിയ ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികൾ ഓഡിറ്റ് തീയതി വരെ കരാറുകാർ പൂർത്തിയാക്കി ബിൽ സമർപ്പിച്ചിട്ടുള്ളതായി കണ്ടില്ല.

| ക്രമ നം. | പ്രോജക്ട് നം. | പ്രവൃത്തിയുടെ പേര് | കരാർ തുക | കരാറുകാരൻ | എഗ്രിമെന്റ് നം., തീ. | കരാർ കാലയളവ് |
|---|---|---|---|---|---|---|
| 1 | 73 | എം സി എഫ് അടിസ്ഥാന സൗകര്യം | 42345 | ശ്രീ വർഗ്ഗീസ് ജോൺ, മാലിശ്ശേരിൽ | 19/22-23 Dt. 10.02.23 | 3 മാസം |
| 2 | 118 | ടേക്ക് എ ബ്രേക്ക് ടോയ്‌ലെറ്റ് ഇലക്ട്രിഫിക്കേഷൻ | 38977 | ശ്രീ ഓമനക്കുട്ടൻ വി.വി., വാലുപറമ്പിൽ | 21/22-23 Dt. 24.02.23 | 3 മാസം |
| 3 | 119 | കൃഷി ഓഫീസ് അസിസ്റ്റന്റ് എൻജിനീയറുടെ ഓഫീസ്, കുടുംബശ്രീ ഓഫീസ്, എം ജി എൻ ആർഇ ജി എസ് ഓഫീസ് വൈദ്യുതീകരണം | 207325 | ശ്രീ രാജേഷ് കുമാർ ആർ., രാജേഷ് ഭവനം | 31/22-23 Dt. 01.03.23 | 3 മാസം |

കരാർ കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കുന്നതിന് കരാറുകാരൻ ബാധ്യസ്ഥനാണ്. ഇതിൽ വീഴ്ചവരുത്തുന്ന പക്ഷം കരാർ വ്യവസ്ഥകൾ പ്രകാരമുള്ള തുടർ നടപടികൾ അസി.എഞ്ചിനീയർ സ്വീകരിക്കണം. കരാർ വച്ച് 10 ദിവസത്തിനുള്ളിൽ പ്രവൃത്തി നടത്തുന്നതിനായി സ്ഥലം ഏറ്റുവാങ്ങേണ്ടതും, സ്ഥലം ഏറ്റുവാങ്ങിയാലുടൻ പ്രവൃത്തി ആരംഭിക്കേണ്ടതുമാണ്. ഇതിൽ വീഴ്ചവരുത്തിയാൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ മറ്റൊരു കരാറുകാരനെകൊണ്ട് റീ ടെണ്ടറിലൂടെ പ്രവൃത്തി ചെയ്യിക്കാവുന്നതാണ്. പ്രവൃത്തി നടത്തിപ്പിൽ വീഴ്ചവരുത്തിയ കരാറുകാർക്കെതിരെ നടപടി സ്വീകരിക്കുന്ന കാര്യത്തിൽ അസി.എഞ്ചിനീയറുടെ ഭാഗത്തു വീഴ്ചയുണ്ടായി.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന്(നം13/22.11.23) അസി.എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ 118/22 ടേക്ക് എ ബ്രേക്ക് ടോയ്‌ലറ്റ് ഇലക്ട്രിഫിക്കേഷൻ എന്ന പ്രവൃത്തി പൂർത്തീകരിച്ച് 01/06/2023-ൽ റിക്വസിഷൻ പഞ്ചായത്തിൽ സമർപ്പിച്ചെന്നും നാളിതുവരെ അലോട്ട്മെന്റ് പഞ്ചായത്തിൽനിന്നും അനുവദിച്ചിട്ടില്ലെന്നും പറയുന്നു. പണി പൂർത്തിയാക്കി അളവുകൾ രേഖപ്പെടുത്തിയതിനുശേഷം രണ്ട് ആഴ്ചയ്ക്കകം നടപടി ക്രമങ്ങൾ പൂർത്തിയാക്കി കരാറുകരന് ബിൽ തുക നൽകണമെന്നാണ് പൊതു മരാമത്ത് പണി നടത്തിപ്പ് ചട്ടം അനുശാസിക്കുന്നത്. ചട്ട ലംഘനം ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

മറ്റ് രണ്ട് പ്രവൃത്തികളുടെ സംഗതിയിൽ ബന്ധപ്പട്ട കരാറുകാർക്ക് നോട്ടീസ് നൽകിയതായി അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു. കരാർ ഉടമ്പടി പ്രകാരമുള്ള നടപടികൾ കരാറുകാർക്കെതിരെ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-32 മരാമത്ത് പ്രവൃത്തികളുടെ ഭാഗമായി പൊളിച്ചു നീക്കിയ റൂഫിംഗ് ഷീറ്റുകൾ കൈയ്യൊഴിച്ചില്ല

2022-23-ലെ വാർഷിക പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ മേൽക്കൂര നവീകരണം (പ്രോ.നം. 32/23), പഞ്ചായത്ത് ഹാൾ നവീകരണം (പ്രോ.നം.75/23) എന്നീ പ്രവൃത്തികളുടെ ഭാഗമായി പൊളിച്ച നീക്കിയ റൂഫിംഗ് ഷീറ്റുകൾ ലേലം ചെയ്ത് കൈയ്യൊഴിച്ചിട്ടില്ല. പൊളിച്ച നീക്കിയ പുനരുപയോഗ സാധ്യതയുള്ള ഷീറ്റുകൾ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ മൂന്നാം നിലയിൽ അട്ടിവെച്ച നിലയിലാണ്. അട്ടിവെച്ച ഷീറ്റുകളുടെ സ്റ്റോക്ക് റിപ്പോർട്ട് പ്രകാരമുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ക്രമ നം. | അളവ് | ഷീറ്റുകളുടെ എണ്ണം |
|---|---|---|
| 1 | 3.65 മീറ്റർ നീളം X 0.90 മീറ്റർ വീതി | 6 എണ്ണം |
| 2 | 3.67 മീറ്റർ നീളം X 0.98 മീറ്റർ വീതി | 87 എണ്ണം |

| | | |
|---|---|---|
| 3 | 3.05 മീറ്റർ നീളം X 0.98 മീറ്റർ വീതി | 18 എണ്ണം |
| 4 | 2.50 മീറ്റർ നീളം X 0.90 മീറ്റർ വീതി | 1 എണ്ണം |
| 5 | 1.75 മീറ്റർ നീളം X 0.90 മീറ്റർ വീതി | 1 എണ്ണം |
| 6 | 1.90 മീറ്റർ നീളം X 0.90 മീറ്റർ വീതി | 1 എണ്ണം |

എന്നാൽ ഇപ്രകാരം പൊളിച്ച് അട്ടിവെച്ച സാധനങ്ങളുടെ സർവ്വേ റിപ്പോർട്ട് തയ്യാറാക്കുകയോ, ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടുകയോ ചെയ്തിട്ടില്ല. പ്രവൃത്തികളുടെ ഭാഗമായി പൊളിച്ചുനീക്കുന്ന Serviceable Materials ലേലം ചെയ്ത് കൈയ്യൊഴിക്കാതിരുന്നത് വീഴ്ചയാണ്. ഇത് സംബന്ധിച്ച് വിശദീകരണം (എൻക്വയറി നം.25/25.11.23) ആരാഞ്ഞതിൽ ഇവ ഉടൻതന്നെ ലേലം ചെയ്ത് കൈയ്യൊഴിക്കുന്നതിന് സെക്രട്ടറിയ്ക്ക് അറിയിപ്പ് നൽകുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കി. തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-33 വെള്ളക്കരം- ഉപയോഗശൂന്യമായ പൊതുടാപ്പുകൾ നീക്കം ചെയ്തില്ല

ഗ്രാമപഞ്ചായത്തിൽ 251 പൊതുടാപ്പുകളുടെ വാട്ടർചാർജ് ഇനത്തിൽ 2022-23 വർഷം 121066 രൂപയാണ് പ്രതിമാസം വാട്ടർ അതോറിറ്റിയിൽ ഒടുക്കുവരുത്തുന്നത്. എന്നാൽ മാർച്ച് 2023 മുതൽ തുക 304526/-രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ജലജീവൻമിഷൻ പദ്ധതി നടപ്പാക്കി വരുന്ന സാഹചര്യത്തിൽ എല്ലാ വീടുകളിലും വാട്ടർ കണക്ഷൻ ലഭിച്ചിട്ടുള്ളതിനാൽ 251 പൊതുടാപ്പുകൾ നിർത്തലാക്കുന്നതിന് കേരളവാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 25.03.23 ലെ 12(1)-ാം നമ്പർ തീരുമാനപ്രകാരം 26.06.23 ൽ 375000/- രൂപ ഒടുക്കിയിട്ടുണ്ട്. എന്നാൽ ടാപ്പുകൾ നീക്കം ചെയ്യുന്ന പ്രവൃത്തി നാളിതുവരെ ആരംഭിച്ചിട്ടില്ല. കേരള വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് 251 ടാപ്പുകൾ നീക്കം ചെയ്ത് വെള്ളക്കരം ഇനത്തിലുള്ള ചാർജ് ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-34 തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചിട്ടില്ല

ഗ്രാമപ്പഞ്ചായത്തിലെ തെരുവ് വിളക്കുകൾക്ക് നാളിതുവരെ മീറ്റർ സ്ഥാപിച്ചിട്ടില്ല. മീറ്റർ സ്ഥാപിക്കാത്തതിനാൽ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ അധികം തുക ചെലവഴിക്കേണ്ടിവരുന്നു. തെരുവ് വിളക്കുകൾക്ക് 92473/- രൂപയാണ് പ്രതിമാസം വൈദ്യുതി ചാർജ്ജ് ഇനത്തിൽ അടവാക്കുന്നത്. കൂടാതെ വിവിധ പ്രദേശങ്ങളിൽ ഹൈമാസ്റ്റ് ലൈറ്റുകളും സ്ഥാപിച്ചിട്ടുണ്ട്. തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സ്ഥാപിക്കുന്നതിന് മുൻവർഷങ്ങളിൽ പ്രോജക്ട് ഏറ്റെടുത്തിട്ടില്ല. തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കാത്തതു സംബന്ധിച്ച് മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനും അതുവഴി വൈദ്യുതി ചാർജ്ജ് കുറയ്ക്കുന്നതിനുമുള്ള നടപടി സ്വീകരിക്കേണ്ടതാണ്. പ്രസ്തുത വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-35 മുറ്റത്തൊരു മീൻതോട്ടം- പദ്ധതിനിർവഹണത്തിലെ അപാകതകൾ

ഗ്രാമപ്പഞ്ചായത്തിൽ ഫിഷറീസ് ഓഫീസർ മുഖേന മത്സ്യക്യഷി പ്രോത്സാഹിപ്പിക്കുന്നതിന് മുറ്റത്തൊരു മീൻതോട്ടം എന്ന പദ്ധതി (161/23) ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. പദ്ധതിയിലുൾപ്പെടുത്തി 2 പേർക്ക് 8000 രൂപ വീതം ആകെ 16000 രൂപ വികസനഫണ്ടിൽ നിന്നും സബ്സിഡിയായി നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക | ബിൽനമ്പർ/തീയതി |
|---|---|---|---|
| 1 | ലക്ഷ്മി പരമേശ്വരൻ ഡി.ബി പമ്പാ കോളേജ്, പരുമല | 8000 | 22070752013501385086 /17.03.23 |
| 2 | ശാന്തിനി ഡി, കിഴക്കേ ഇടക്കാട്ടിൽ | 8000 | |
| ആകെ | | 16000 | |

പദ്ധതിനിർവഹണം സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു

1.ഗുണഭോക്താക്കളെ കണ്ടെത്താതെ പദ്ധതി ആവിഷ്കരിച്ചു

ടി പദ്ധതിക്ക് ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കിയിരുന്നില്ല. ഗ്രാമപ്പഞ്ചായത്ത് കമ്മിറ്റിയുടെ 09.01.23 ലെ 4/1-ാം നമ്പർ തീരുമാന പ്രകാരമാണ് മേൽ സൂചിപ്പിച്ച ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയത്. എന്നാൽ പ്രസ്തുത ഗുണഭോക്താക്കളെ പിന്നീട് നടന്ന ഗ്രാമസഭയിൽ ഉൾപ്പെടുത്തി സാധൂകരണം വാങ്ങിയിട്ടില്ല. അർഹരായ ഗുണഭോക്താക്കളെ കണ്ടെത്താതെ പദ്ധതി ആവിഷ്കരിക്കുന്നതും നടപ്പാക്കുന്നതും പദ്ധതി ആസൂത്രണത്തിലെ അപാകതയാണ്. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 15/23-11-23) ടി ഗുണഭോക്താക്കളെ തുടർന്നുള്ള ഗ്രാമസഭയിൽ അംഗീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഭാവിയിൽ

പദ്ധതികൾ ഏറ്റെടുക്കുമ്പോൾ തന്നെ അർഹരായ ഗുണഭോക്താക്കളെ ഉൾപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

**2, വിദ്യാഭ്യാസ സ്ഥാപനത്തിന് സബ്സിഡി അനുവദിച്ചത് ക്രമവിരുദ്ധം**

പദ്ധതിയുടെ ഭാഗമായി പരുമല ഡി.ബി പമ്പാകോളേജ് പ്രിൻസിപ്പൽ ശ്രീമതി ലക്ഷ്മി പരമേശ്വരൻ എന്ന വ്യക്തിക്ക് 8000/-രൂപ ആനുകൂല്യം നൽകിയത് സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമാണ്. 14-ാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖപ്രകാരം (സ.ഉ(കൈ)നമ്പർ 115/2022ത.സ്വ.ഭ.വ തീയതി28.05.22) മത്സ്യകൃഷിയിൽ താല്പര്യമുള്ളവരും സ്ഥലസൗകര്യം ഉള്ളവരുമായ വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും കുടുംബശ്രീ യൂണിറ്റുകൾക്കുമാണ് ടി പദ്ധതിക്ക് സബ്സിഡി അനുവദിച്ചിട്ടുള്ളത്. എന്നാൽ ദേവസ്വംബോർഡിന്റെ ഉടമസ്ഥതയിലുള്ള പരുമല പമ്പാ കോളേജിന്റെ പരിധിയിൽ സ്ഥാപിച്ചിട്ടുള്ള കുളത്തിൽ മത്സ്യകൃഷി നടത്തുന്നതിന് 8000 രൂപ അനുവദിച്ചത് ക്രമപ്രകാരമല്ല. സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി സബ്സിഡി അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23/25.11.23) കോളേജിൽ പ്രവർത്തിക്കുന്ന നാഷണൽ സർവീസ് സ്കീം എന്ന വിദ്യാർത്ഥികളുടെ ഗ്രൂപ്പാണ് മത്സ്യകൃഷി നടത്തിയതെന്ന നിർവഹണോദ്യോഗസ്ഥയുടെ മറുപടി തൃപ്തികരമല്ല. വ്യക്തിഗത പദ്ധതിയിൽ ഉൾപ്പെടുത്തി NSS ഗ്രൂപ്പിന് ആനുകൂല്യം നൽകിയത് അംഗീകരിക്കുന്നില്ല. സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി അനുവദിച്ച 8000/- രൂപ നിരാകരിക്കുന്നു. ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കാതെ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യം നൽകുന്നതിന് തിരഞ്ഞെടുത്തവരെ വസ്തുതകളുടെ അടിസ്ഥാനത്തിൽ ആവശ്യമായ പരിശോധന നടത്തി ലിസ്റ്റിൽ മാറ്റം വരുത്തുവാനോ അനർഹരെ ഒഴിവാക്കുന്നതിന് ശുപാർശ ചെയ്യുകയോ ചെയ്യുന്നത് നിർവ്വഹണോദ്യോഗസ്ഥയുടെ കടമയാണ്. ആയതിനാൽ അനർഹമായ വ്യക്തിക്ക് സബ്സിഡി അനുവദിച്ചത് വഴി ഉണ്ടായ ചെലവായ 8000/- രൂപ ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥയിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 1-36 വനിതാഘടക പദ്ധതി-പദ്ധതിനിർദ്ദേശങ്ങൾ പാലിക്കുന്നില്ല

വനിതകൾ നേരിടുന്ന വികസനപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആസൂത്രിതമായ ഇടപെടലുകൾ നടത്തുകയും സ്ത്രീകളുടെ നിർണ്ണായക ലിംഗപദവി ആവശ്യങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനുമാണ് വനിതാ ഘടകപദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. കൃത്യമായ വിവര ശേഖരണത്തിന്റെ അടിസ്ഥാനത്തിൽ വനിതകളുടെ സാമൂഹിക, സാമ്പത്തിക പദവി ഉയർത്തുന്നതിന് വനിതാ ഘടകപദ്ധതി എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും നിർബന്ധമായും ഏറ്റെടുക്കേണ്ടതാണെന്ന് 14-ാം പദ്ധതി മാർഗ്ഗ രേഖയിൽ (സ.ഉ (കൈ) നമ്പർ 84/22 ത.സ്വ.ഭ.വ തീയതി 19.04.22) ഖണ്ഡിക 6.3 ൽ നിഷ്കർഷിക്കുന്നു. വികസനഫണ്ടിന്റെ 10% തുക വനിതാ ഘടകപദ്ധതിക്കായി വകയിരുത്തേണ്ടതാണെന്നും ഖണ്ഡിക 5.4.1(9) ൽ നിർദ്ദേശിക്കുന്നു. വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തേണ്ട പദ്ധതികളുടെ വിശദവിവരങ്ങൾ ഖ. 6.3 ലും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ച് സ്ത്രീകളുടെ തൊഴിൽ സാദ്ധ്യതകളും വരുമാനവും വർദ്ധിപ്പിക്കാനുതകുന്ന പ്രോജക്ടുകളാകണം വനിതാ ഘടകപദ്ധതിയിൽ പ്രധാനമായും ഉൾപ്പെടുത്തേണ്ടത്. കൂടാതെ വനിതകൾക്കും പുരുഷന്മാർക്കും ഒരുപോലെ പ്രയോജനം ലഭിക്കുന്ന പദ്ധതികൾ വനിതാഘടകപദ്ധതിയിൽ ഉൾപ്പെടുത്താൻ പാടില്ല. എന്നാൽ ടി മാനദണ്ഡങ്ങൾ പാലിക്കാതെയാണ് ഗ്രാമപ്പഞ്ചായത്ത് വനിതാ ഘടകപദ്ധതിയിൽ പ്രോജക്ടുകൾ നടപ്പാക്കിയത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ/പേര് | അടങ്കൽ തുക | ചെലവഴിച്ച തുക |
|---|---|---|
| 124/23, കന്നുകുട്ടികളെ ദത്തെടുക്കൽ | 187500 | 187500 |
| 125/23, കോഴി വളർത്തൽ | 900000 | 900000 |
| 126/23, മുട്ടക്കോഴി വളർത്തൽ (SCP) | 88800 | 88800 |

ഉല്പാദനമേഖലയിൽ മൃഗസംരക്ഷണ ക്ഷീരവികസന മേഖലയിലെ പദ്ധതികൾ വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നത് ക്രമപ്രകാരമല്ല. തുടർവർഷങ്ങളിൽ പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ പദ്ധതി മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ഗ്രാമപ്പഞ്ചായത്ത് ഭരണസമിതിയും, ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

## 1-37 കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തം

പതിനാലാം പഞ്ചവൽസര പദ്ധതി - പദ്ധതി മാർഗരേഖ സ.ഉ (കൈ 84/22 തസ്വഭവ തീയതി 19-14-2022, 6.8(3) പ്രകാരം കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിച്ചും, ജൻഡർ സൗഹൃദമാക്കിയും, സേവനനിലവാരം ഉയർത്തിയും ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ISO സർട്ടിഫിക്കേഷൻ ലഭിക്കത്തക്ക വിധം ആസ്തി സംരക്ഷണ പദ്ധതി വിഭാവനം ചെയ്യേണ്ടതാണ്. എന്നാൽ ടി വിഷയത്തിൽ പഞ്ചായത്ത് അർഹിക്കുന്ന ഗൗരവം കൊടുക്കുന്നില്ല. ഗ്രാമപ്പഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് നിലവിൽ അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തമാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**1. കൃഷിഭവൻ**

കടപ്ര കൃഷിഭവന് സ്വന്തമായി കെട്ടിടം ഇല്ല. ഗ്രാമപ്പഞ്ചായത്ത് ഓഫീസിന്റെ മുകൾനിലയിലുള്ള പഴയ

മുറിയിലാണ് കൃഷിഭവൻ നിലവിൽ പ്രവർത്തിക്കുന്നത്. കൃഷിഭവൻ കെട്ടിടത്തിലെ വയറിംഗ് കാലഹരണപ്പെട്ടതാണ്. നിലവിലുള്ള കെട്ടിട കൃഷിഭവന്റെ സുഗമമായ പ്രവർത്തനത്തിന് അനുയോജ്യമല്ല. അടച്ചുറപ്പില്ലാത്ത അലമാരകളിലാണ് ഫയലുകൾ സൂക്ഷിക്കുന്നത്. കർഷകർക്ക് വിതരണം ചെയ്യുന്നതിനായി ശേഖരിക്കുന്ന നടീൽ വസ്തുക്കളും മറ്റ് ഉല്പാദനോപാധികളും സൂക്ഷിക്കുന്നതിന് സ്ഥലസൗകര്യം ഇല്ല. ആയത് സൂക്ഷിക്കുന്നതിന് സ്ഥലസൗകര്യം ഇല്ലാത്തതിനാൽ ടി വസ്തുക്കൾ പഞ്ചായത്തിന്റെ മുറ്റത്താണ് നിലവിൽ സൂക്ഷിക്കുന്നത്. അടച്ചുറപ്പില്ലാത്തതിനാൽ ഇവ മോഷണം പോകുന്നതായി കൃഷി ഓഫീസർ വ്യക്തമാക്കിയിട്ടുണ്ട്. കൃഷിഭവൻ രണ്ടാം നിലയിൽ പ്രവർത്തിക്കുന്നതിനാൽ കർഷകർക്ക് എത്തിപ്പെടുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. അനുയോജ്യമായ സ്ഥലം കണ്ടെത്തി കൃഷിഭവന് പ്രത്യേക കെട്ടിടം നിർമ്മിക്കുന്നതിന് ഗ്രാമപ്പഞ്ചായത്ത് ഭരണസമിതി അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

**2. അങ്കണവാടികൾ**

തദ്ദേശഭരണ സ്ഥാപനത്തിന്റെ അധ്യക്ഷൻ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ, ഐ.സി.ഡി.എസ് സൂപ്പർവൈസർ എന്നിവർ ഉൾപ്പെട്ട സമിതി പഞ്ചായത്തിലെ അങ്കണവാടികളെ സംബന്ധിച്ച് അവസ്ഥാ വിശകലനം നടത്തിയിട്ടുണ്ടെങ്കിലും അതിനനുസൃതമായി പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. ഗ്രാമപ്പഞ്ചായത്തിന്റെ അധീനതയിൽ ആകെ 24 അങ്കണവാടികൾ പ്രവർത്തിക്കുന്നതിൽ 9 എണ്ണത്തിനു സ്വന്തമായി കെട്ടിടമുണ്ട്. 15 എണ്ണം വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. എല്ലാ അംഗൻവാടികളിലും ടോയിലറ്റ് സൗകര്യമുണ്ടെങ്കിലും ഒരിടത്ത് പോലും ശിശുസൗഹാർദ്ദ ശുചിമുറിയില്ല. 6 എണ്ണത്തിനു മാത്രമാണ് ചുറ്റുമതിൽ ഉള്ളത്. ആവശ്യത്തിന് ഫർണീച്ചറും ഇല്ല. സ്വന്തമായി സ്ഥലം ഉണ്ടായിട്ടും കെട്ടിടം പണി ആരംഭിക്കാത്ത 3 അങ്കണവാടികളും (നം. 3, 13, 19) ഗ്രാമപ്പഞ്ചായത്തിലുണ്ട്. നം.4 അങ്കണവാടിക്ക് കെട്ടിടം പണിയുന്നതിന് ആവശ്യമായ സ്ഥലം ലഭിക്കുന്നതിനുള്ള സാദ്ധ്യത ഉണ്ട്. ടി വിഷയത്തിൽ ഉചിതമായ തുടർനടപടി സ്വീകരിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ സജീവ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

**3. പ്രാഥമികാരോഗ്യകേന്ദ്രം**

പഞ്ചായത്തിന്റ പരിധിയിൽ വരുന്ന പറുമല പ്രദേശത്ത് പി.എച്ച്.സിയുടെ പ്രവർത്തനത്തിനായി നിർമ്മിച്ച സ്വന്തം കെട്ടിടമുണ്ട്. 2012-13 മുതൽ 2020-21 വരെയുള്ള കാലഘട്ടത്തിൽ പി.എച്ച്.സിയുടെ കെട്ടിട നിർമ്മാണത്തിനും നവീകരണത്തിനുമായി 5704719 രൂപ ചെലവഴിച്ചെങ്കിലും കെട്ടിടം ഉപയോഗപ്രദമാക്കുന്നതിന് പഞ്ചായത്തിന് നാളിതുവരെ സാധിച്ചില്ല. നിലവിൽ പി.എച്ച്.സി വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഇതിന് 12237 രൂപ വാടകയിനത്തിൽ മാസാമാസം നൽകേണ്ടിയും വരുന്നു. പ്രതിമാസം രണ്ടായിരത്തിൽ അധികം രോഗികൾ വരാറുള്ള പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ഒരു മെഡിക്കൽ ഓഫീസർ മാത്രമാണ് ഉള്ളത്. നിലവിലുള്ള മെഡിക്കൽ ഓഫീസർ ട്രെയിനിംഗിനും, കോൺഫെറൻസിനും പോകുമ്പോഴും ലീവെടുക്കുമ്പോഴും മറ്റും രോഗികൾ ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. ആവശ്യത്തിനുള്ള ഫർണ്ണിച്ചറുകൾ, അലമാരകൾ, കബോർഡുകൾ എന്നിവ പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ഇല്ല. ഡോക്ടർക്ക് രോഗിയെ വിശദമായി പരിശോധിക്കുന്നതിനോ, അവശ്യഘട്ടത്തിൽ ഡ്രിപ്പ് ഇടുന്നതിനോ ഉള്ള സൗകര്യങ്ങളില്ല. ഡ്രസിംഗിനും കത്തിവെയ്പിനും ഉള്ള റൂമിനും പരിമിതികളുണ്ട്. മുലയൂട്ടുന്ന അമ്മമാർക്ക് അതിനുള്ള സ്ഥലസൗകര്യങ്ങൾ ഇല്ല. പാലിയേറ്റീവ് നഴ്സ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ എന്നിവർക്ക് പ്രത്യേകമായി ഓഫീസ് റൂമില്ല. പ്രാഥമീക ആരോഗ്യകേന്ദ്രത്തിനോട് ചേർന്ന് പ്രവർത്തിക്കുന്ന സബ്സെന്ററിലെ ഹെൽത്ത് ഇൻസ്പെക്ടർമാർ, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് എന്നിവർക്ക് അവരുടെ ചുമതല നിർവ്വഹിക്കുന്നതിനോ, രേഖകൾ സൂക്ഷിക്കുന്നതിനോ കെട്ടിടത്തിൽ സൗകര്യമില്ല. ജീവനക്കാർക്ക് ഡ്രസ് മാറി യൂണിഫോം ധരിക്കുന്നതിനുള്ള ഡ്രസിംഗ് റൂമില്ല. സ്ഥല പരിശോധന നടത്തിയതിൽ മരുന്നുകൾ കൊണ്ടുവരുന്ന കാർട്ടൂണുകൾ മുറിയുടെ മൂലയിൽ കൂട്ടിവെച്ചിരിക്കുന്ന അവസ്ഥയിലാണ് കാണാൻ കഴിഞ്ഞത്. വേസ്റ്റ് ഡിസ്പോസലിനുള്ള സൗകര്യങ്ങളില്ല. സ്ഥലസൗകര്യങ്ങൾ പരിമിതമായ ഈ കെട്ടിടത്തിൽ തന്നെയാണ് പാലിയേറ്റീവ് കെയർ യൂണിറ്റും പ്രവർത്തിക്കുന്നത്. ഈ വിഷയത്തിൽ ഉചിതമായ തുടർനടപടി സ്വീകരിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ സജീവ ഇടപെടൽ ഉണ്ടാകേണ്ടതാണ്. ടി വിഷയം അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിനായി ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

**4. മൃഗാശുപത്രി, പുളിക്കീഴ്**

പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്ന അഞ്ചു പഞ്ചായത്തുകളിലെ മൃഗാശുപത്രികളുടെ റഫറൽ കേന്ദ്രമായി പ്രവർത്തിക്കുന്ന സ്ഥാപനം ആണ് ഈ മൃഗാശുപത്രി. എന്നാൽ ഒരു സാധാരണ മൃഗാശുപത്രിയുടെ സംവിധാനം മാത്രമേ ടി കെട്ടിടത്തിന് ഉള്ളൂ. അറുപതു വർഷത്തിൽ അധികം പഴക്കം ചെന്ന കെട്ടിടം തന്നെ ഏറ്റവും വലിയ പരാധീനതയാണ്. 50 സെന്റ് സ്ഥലത്താണ് ടി കെട്ടിടം സ്ഥിതിചെയ്യുന്നത്. എന്നാൽ വില്ലേജ് ഓഫീസിലെ രേഖകളിൽ ടി സ്ഥലം ഉൾപ്പെട്ടിട്ടില്ല. ആധുനിക സൗകര്യത്തോടെയുള്ള ഒരു കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിന് ഒരു കോടി രൂപയുടെ പൊതുമരാമത്ത് (കെട്ടിടം വിഭാഗം) നൽകിയ ഏറ്റവും പുതിയ എസ്റ്റിമേറ്റ് പത്തനംതിട്ട മൃഗസംരംക്ഷണ ആഫീസിൽ നിന്നും നൽകിയിട്ടുണ്ട്. എന്നാൽ സ്ഥലം, വകുപ്പിന്റെയോ പഞ്ചായത്തിന്റെയോ കീഴിൽ അല്ലാത്തത് കൊണ്ട് കെട്ടിടം പണിയുവാൻ സാധിക്കില്ല. ആധുനിക ചികിത്സാ നിർണ്ണയ പരിശോധനാ

ഉപകരണങ്ങളോ ശസ്ത്രക്രിയകൾ നടത്തുന്നതിനുള്ള സംവിധാനമോ നിലവിൽ ഇല്ല. പഞ്ചായത്ത് ഉപകരണങ്ങൾ വാങ്ങി നൽകുന്നുണ്ടെങ്കിലും അവ ഉപയോഗിക്കുന്നതിനായി വെറ്റിനറി ലാബ് ടെക്നീഷ്യൻ നിലവിൽ ഇല്ല. വെറ്റിനറി സർവ്വകലാശാല നൽകുന്ന വെറ്റിനറി ലാബ് ടെക്നിഷ്യൻ കോഴ്സ് പാസ്സായ വ്യക്തികളെ തദ്ദേശ സ്വയം ഭരണ സ്ഥാപനം കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**അവശ്യ ഉപകരണങ്ങളുടെ അപര്യാപ്തത**

എക്-റേ മെഷീൻ, അൾട്രാ സൗണ്ട് സ്കാനർ, രക്ത പരിശോധനാ മെഷീനുകൾ, (CBCAnalyser, Blood Gas Analyser, Colour Spectro Photometer For Creatinine, BUN, Serum Calcium, Serum Phosphorus And Other Analysis, ലൈറ്റ് മൈക്രോസ്കോപ്) മറ്റ് ശസ്ത്രക്രിയാ ഉപകരണങ്ങൾ എന്നിവ നിലവിൽ ഇല്ല. വലിയ മൃഗങ്ങളെ പരിശോധിക്കുവാനും, ചികിത്സിക്കുവാനും, നിയന്ത്രിക്കുവാനും വേണ്ട ഡെവിസ് സംവിധാനം, ഓമന മൃഗങ്ങൾക്ക് പരിശോധന നടത്തുന്നതിനും, ചികിത്സിക്കുന്നതിനുമുള്ള Stainless Steel Squeez Cage സംവിധാനം, രാത്രികാല അടിയന്തിര ചികിത്സാ സൗകര്യം നടത്തുന്നതിനു നിയമിതരാകുന്ന ഡോക്ടർമാർ, അറ്റൻഡർമാർ എന്നിവർക്കുള്ള ആഫീസ് സൗകര്യം, പ്രാഥമികാവശ്യങ്ങൾക്കുള്ള ടോയിലെറ്റ്/ ബാത്ത് റൂം സൗകര്യം എന്നിവയൊന്നും തന്നെ നിലവിൽ ഇല്ല. ഓഫീസിലെ മറ്റ് ക്ലെറിക്കൽ ജോലികൾ ചികിത്സ നടത്തുന്ന ഡോക്ടർ തന്നെയാണ് നിലവിൽ ചെയ്യുന്നത്. ടി അവസ്ഥ മാറുന്നതിനും, കംപ്യൂട്ടർ കൈകാര്യം ചെയ്യുന്നതിനും E- ഓഫീസ് സംവിധാനം കൈകാര്യം ചെയ്യാൻ അറിയാവുന്ന ഒരു സ്റ്റാഫും തദ്ദേശ സ്ഥാപനത്തിന് കരാർ അടിസ്ഥാനത്തിൽ നിയമിക്കാവുന്നതാണ്. ടി വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

**5. ആയുർവേദ ഡിസ്പെൻസറി**

ആയുർവേദ ഡിസ്പെൻസറി കടപ്ര-മാന്നാർ എന്ന സ്ഥലത്ത് സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. നിലവിൽ പാടത്തിന്റെ കരയിൽ ഡിസ്പെൻസറി സ്ഥിതി ചെയ്യുന്നതിനാൽ നിരന്തരം ഈർപ്പം ഭിത്തിയിൽ തങ്ങി നിന്ന് മരുന്നുകൾ എളുപ്പത്തിൽ കേടാവുന്ന സ്ഥിതിവിശേഷമുണ്ട്. മഴക്കാലത്ത് വെള്ളം കേറുന്ന പ്രദേശമായതിനാലും രോഗികൾക്ക് എത്തിച്ചേരാൻ ബുദ്ധിമുട്ടുള്ള പ്രദേശമായതിനാലും ടി സ്ഥാപനം കുറെക്കൂടി സൗകര്യപ്രദമായ സ്ഥാനത്തേക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. മരുന്നുകൾ സൂക്ഷിക്കുന്നതിന് സ്ഥാപനത്തിന്റെ മുകളിലത്തെ നിലയിൽ റൂഫ് ചെയ്ത് സൂക്ഷിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**6. ഗവ. യു. പി സ്കൂൾ, കടപ്ര**

സർക്കാർ സ്കൂളുകൾക്ക് അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിൽ ഗ്രാമപ്പഞ്ചായത്ത് നടപടികൾ സ്വീകരിക്കുന്നില്ല. സ്കൂളിന്റെ കെട്ടിടങ്ങളിൽ ഒരെണ്ണത്തിന്റെ മേൽക്കൂര ടിൻ ഷീറ്റ് നിർമ്മിതമാണ്. തദ്ദേശഭരണ വകുപ്പിന്റെ 17.10.19ലെ ഇ.പി.എ4/302/19 തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്കൂളുകളിൽ നിന്നും കുട്ടികൾക്ക് ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കാവുന്ന ആസ്ബറ്റോസ് ഷീറ്റുകൾ, ടിൻ ഷീറ്റുകൾ എന്നിവ അടിയന്തിരമായി നീക്കം ചെയ്യേണ്ടതാണെന്നും, പകരം അനുയോജ്യമായവ സ്ഥാപിക്കേണ്ടതാണെന്നും നിഷ്കർഷിക്കുന്നു. എന്നാൽ ഉത്തരവ് നടപ്പിലാക്കുന്നതിന് ഗ്രാമപ്പഞ്ചായത്ത് നടപടികൾ ആരംഭിച്ചിട്ടില്ല.

സംസ്ഥാനത്തെ എല്ലാ പൊതുവിദ്യാലയങ്ങളിലും സ്മാർട്ട്ക്ലാസ്സ് റൂം ഒരുക്കുന്നതിന്റെ ഭാഗമായി 18.10.12 ൽ സർക്കാർ ITS/2012/10/14deepa00(4) -ാം നമ്പരായി വിവരശേഖരണം നടത്തിയിരുന്നു. ഗ്രാമപ്പഞ്ചായത്തിന് കൈമാറിക്കിട്ടിയ സർക്കാർ സ്കൂളുകളിൽ ഒന്നിലും സ്മാർട്ട്ക്ലാസ്സ്റൂം ഇല്ല. ആധുനിക രീതിയിലുള്ള പഠന സംവിധാനങ്ങൾ, പ്രദേശത്തെ സാധാരണ സാമ്പത്തിക സ്ഥിതി നിലവാരത്തിലുള്ള കുട്ടികൾക്ക് കൂടി ലഭിക്കുന്നതിന് ഗ്രാമപ്പഞ്ചായത്ത് താല്പര്യം കാട്ടുന്നില്ല. സ്മാർട്ട് ക്ലാസ്സ് മുറികൾ ഒരുക്കി വിദ്യാർത്ഥികളുടെ ബൗദ്ധിക നിലവാരം മെച്ചപ്പെടുത്തുന്നതിനും അദ്ധ്യയനം മെച്ചപ്പെടുത്തുന്നതിനും ഗ്രാമപ്പഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-38 വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ പദ്ധതി നിർവ്വഹണത്തിൽ വീഴ്ച

2022-23-ൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർക്ക് നിർവ്വഹണ ചുമതലയുണ്ടായിരുന്ന 1753128 രൂപ അടങ്കലുണ്ടായിരുന്ന 7 പ്രോജക്ടുകൾ തൻവർഷം നടപ്പിലാക്കി ധനവിനിയോഗം നടത്തിയിട്ടില്ല. നടപ്പിലാക്കാത്ത പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | വിഭാഗം | മേഖല | തരം | അടങ്കൽ വകയിരുത്തിയത് |
|---|---|---|---|---|---|---|
| 1 | 12 | ഗാർഹിക കമ്പോസ്റ്റ് ബിൻ | പൊതുവിഭാഗം | സേവനം | New | 1024128 |
| 2 | 52 | ക്ലീൻ കേരള കമ്പിനിക്ക് ലെഗസി വേസ്റ്റ് കൈമാറൽ | പൊതുവിഭാഗം | സേവനം | SO | 100000 |
| 3 | 67 | ഹരിത കർമ്മസേനയ്ക്ക് ശുചിത്വഉപകരണങ്ങൾ വാങ്ങൽ | പൊതുവിഭാഗം | സേവനം | New | 50000 |

| | | | | | | |
|---|---|---|---|---|---|---|
| 4 | 155 | അതിദാരിദ്ര്യനിർമാർജന ഉപപദ്ധതി - കക്കൂസ് നിർമ്മാണം | പൊതുവിഭാഗം | സേവനം | New | 77000 |
| 5 | 157 | എസ് സി വനിതകൾക്ക് സ്വയംതൊഴിൽസംരംഭം-സബ്സിഡി നൽകൽവ്യക്തിഗതം | പട്ടികജാതി വിഭാഗം | ഉല്പാദനം | New | 77000 |
| 6 | 159 | വനിതകൾക്ക് സ്വയംതൊഴിൽസംരംഭം-സബ്സിഡി നൽകൽവ്യക്തിഗതം | പൊതുവിഭാഗം | ഉല്പാദനം | New | 50000 |
| 7 | 160 | അതിദാരിദ്ര്യനിർമാർജന ഉപപദ്ധതി - വീട് മെയിൻറനൻസ് | പൊതുവിഭാഗം | സേവനം | New | 375000 |
| | | ആകെ | | | | 1753128 |

ശുചിത്വ, ദാരിദ്ര്യ നിർമ്മാർജ്ജന മേഖലകളിലെ പ്രോജക്കുകളുടെ നടത്തിപ്പിലാണ് പ്രധാനമായും വീഴ്ചയുണ്ടായത്. ഗാർഹിക കമ്പോസ്റ്റ് ബിൻ നിർമ്മാണത്തിന് ഗുണഭോക്താക്കളായി 52 പേരെ ഗ്രാമസഭ മുഖാന്തിരം തെരഞ്ഞെടുത്തിരുന്നു. എന്നാൽ എസ്.സി. വനിതകൾക്ക് സ്വയംതൊഴിൽ സംരംഭം, വനിതകൾക്ക് സ്വയം തൊഴിൽ സംരംഭം എന്നീ പ്രോജക്കുകൾക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടില്ല. ഈ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പ്രാഥമിക നടപടികൾ പോലും പൂർത്തിയാക്കുന്നതിന് ബന്ധപ്പെട്ടവർ ശ്രദ്ധിച്ചില്ലെന്ന് ഇതിൽനിന്നും വ്യക്തമാണ്. അതി ദരിദ്രർക്കുള്ള രണ്ട് പദ്ധതികളിലും ചെലവില്ല. ആവിഷ്കരിച്ച പദ്ധതികൾ നടപ്പിലാക്കാതിരിക്കുന്നത് ജനങ്ങൾക്ക് നൽകുന്ന വാഗ്ദാനത്തിന്റെ ലംഘനമാണ്.

പ്രോജക്ട് നം.66/23 പ്രകാരം പൊതു വിഭാഗം വികസന ഫണ്ടിൽനിന്നും 18.48 രൂപ അടങ്കൽ വകയിരുത്തി ആവിഷ്കരിച്ച **"ഉറസ്സായ കുടിവെള്ള കിണറുകൾ ശുചിത്വ കിണറുകളാക്കി മാറ്റൽ"** എന്ന പ്രോജക്ടിന്റെ നിർവ്വഹണത്തിലും വീഴ്ചയുണ്ടായിട്ടുണ്ട്. ഈ പദ്ധതിയ്ക്ക് 192000 രൂപ മാത്രമാണ് ചെലവഴിക്കപ്പെട്ടത് (24 Nos.). പ്രോജക്ടിന്റെ ഗുണഭോക്താക്കളായി 57 ഗുണഭോക്താക്കളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. ഒരു ഗുണഭോക്താവിന് 8000 രൂപയാണ് സബ്സിഡി. ഇപ്രകാരം 57 ഗുണഭോക്താക്കൾക്ക് 456000 രൂപ വകയിരുത്തേണ്ട സ്ഥാനത്താണ് 1848000 രൂപ വകയിരുത്തിയത്. പ്രോജക്ടിന്റെ അടങ്കൽ കണക്കാക്കിയത് യുക്തിസഹമായല്ല. സേവന മേഖലയിൽ വ്യക്തിഗത ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് ചെലവഴിക്കാൻ കഴിയുമായിരുന്ന ഗണ്യമായ തുകയാണ് ഈ പ്രോജക്ടിൽ വകയിരുത്തി ലാപ്സാക്കിയത്.

പദ്ധതികളുടെ നിർവ്വഹണത്തിലുണ്ടായിട്ടുള്ള വീഴ്ച ശ്രദ്ധയിൽപ്പെടുത്തുന്നു. ഏറ്റെടുക്കുന്ന പ്രോജക്കുകൾ സമയബന്ധിതമായും പൂർണ്ണ തോതിലും നടപ്പിലാക്കുന്നതിന് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സവിശേഷ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-39 വീട് വാസയോഗ്യമാക്കൽ - (പട്ടിക ജാതി) - മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ പണി നടത്തിയില്ല

2022-23-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പട്ടികജാതിക്കാർക്കുള്ള വീട് വാസയോഗ്യമാക്കൽ പദ്ധതിയുടെ **(പ്രോ.നം.63/23)** ഭാഗമായി അഡ്വാൻസ് കൈപ്പറ്റിയ ഏതാനും ഗുണഭോക്താക്കൾ പണി പൂർത്തിയാക്കി അവസാന ഗഡു കൈപ്പറ്റിയിട്ടുള്ളതായി കാണുന്നില്ല. ഒരു ലക്ഷം രൂപ ധനസഹായം വിതരണം ചെയ്യുന്നതിനായിരുന്നു പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്നത്. എഗ്രിമെന്റ് വെയ്ക്കുമ്പോൾ മുൻകൂറായി 50000 രൂപയും പണി പൂർത്തിയാക്കുന്ന മുറയ്ക്ക് ബാക്കി തുകയും നൽകുന്നതിനായിരുന്നു ഉദ്ദേശിച്ചിരുന്നത്. ആയത് പ്രകാരം 50000 രൂപ വീതം അഡ്വാൻസ് കൈപ്പറ്റിയ 2 ഗുണഭോക്താക്കളും, 40000 രൂപ അഡ്വാൻസ് ലഭിച്ച് ഒരു ഗണഭോക്താവുമാണ് പണി പൂർത്തിയാക്കാതിരുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | അഡ്വാൻസ് തുക | തുക കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | ശ്രീ അപ്പുക്കുട്ടൻ, പൊൻമയിൽ, വളഞ്ഞവട്ടം പി.ഒ., തിരുവല്ല | 50000 | 25.02.2023 |
| 2 | ശ്രീമതി നളിനാക്ഷി, പയ്യാംപള്ളിൽ, കടപ്ര, മാന്നാർ, നിരണം | 50000 | 24.02.2023 |
| 3 | ശ്രീമതി മഞ്ജു, ഉള്ളുകളത്തിൽ, നിരണം പി.ഒ., തിരുവല്ല | 40000 | 20.01.2023 |

മുൻകൂർ കൈപ്പറ്റിയതിനുശേഷം പണി പൂർത്തിയാക്കാത്ത ടി ഗുണഭോക്താക്കൾ പണി പൂർത്തിയാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുകയോ, അല്ലാത്തപക്ഷം മുൻകൂർ തുക പലിശ സഹിതം തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്.

## 1-40 അങ്കണവാടി പോഷകാഹാര പദ്ധതി - കേന്ദ്ര വിഹിതം പൂർണ്ണമായും ചെലവഴിക്കാതെ അവശേഷിക്കുന്നു

2018-19 വർഷം അങ്കണവാടി പോഷകാഹാര പദ്ധതിയ്ക്കായി ലഭിച്ച കേന്ദ്ര വിഹിതത്തിൽ 1045988 രൂപ ചെലവഴിക്കാതെ അവശേഷിച്ചിരുന്നു. 2019-20, 2020-21, 2021-22, 2022-23 വർഷങ്ങളിൽ മേൽപദ്ധതിക്കായി കേന്ദ്ര വിഹിതം ലഭിച്ചതിന്റെയും ചെലവഴിച്ചതിന്റെയും കണക്ക് ചുവടെ ചേർക്കുന്നു.

| വർഷം | മുന്നിരിപ്പ് | കേന്ദ്ര വിഹിതം ലഭിച്ചത് | ആകെ | കേന്ദ്ര വിഹിതം ചെലവഴിച്ചത് | ബാലൻസ് |
|---|---|---|---|---|---|
| 2019-20 | 1045988 | 397307 | 1443295 | 195786 | 1247509 |
| 2020-21 | 1247509 | 0 | 1247509 | 251472 | 996037 |
| 2021-22 | 996037 | 1448670 | 2444707 | 2331094 | 113613 |
| 2022-23 | 113613 | 907576 | 1021189 | 393336 | 627853 |

31.03.23 വരെ പ്രസ്തുത ഇനത്തിൽ ആകെ 627853/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു. ഈ തുക പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലാണ് സൂക്ഷിക്കുന്നത്. ആയതിനാൽ ഇത് വകമാറ്റി ചെലവഴിക്കപ്പെടാൻ സാദ്ധ്യതയുണ്ട്. പ്രസ്തുത തുക ഉപയോഗിച്ച് അങ്കണവാടി കെട്ടിട നിർമ്മാണം, അറ്റകുറ്റപ്പണി എന്നിവ നടത്താവുന്നതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

### 1-41 ലൈബ്രറി സെസ് അടവാക്കിയില്ല

ഗ്രാമപഞ്ചായത്തുകളിലെ വസ്തുനികുതിയോടൊപ്പം ലൈബ്രറി സെസ് ഇനത്തിൽ പിരിച്ചെടുക്കുന്ന തുക രണ്ട് ഗഡുക്കളായി കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അടവാക്കേണ്ടതാണ്. ആദ്യ ഗഡു നവംബർ 30-ാം തീയതിക്കകവും രണ്ടാം ഗഡു ഏപ്രിൽ 30-ാം തീയതിക്കകവും അടവാക്കേണ്ടതാണ്. ഇതിൽ വീഴ്ച്ച വരുത്തുന്ന പക്ഷം അത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കുന്നതും ഈ കാലയളവിലെ പലിശ സെക്രട്ടറിയുടെ പക്കൽ നിന്നും ഈടാക്കുന്നതുമാണെന്ന് സർക്കുലർ നമ്പർ.10088/എൽ 3/05/ത.സ്വ.ഭ.വ തീയതി 20-09-2015 പ്രകാരം സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രികയിലെ ഷെഡ്യൂൾ ബി-9 പ്രകാരം 191658 രൂപ ലൈബ്രറി സെസ് ഇനത്തിൽ ബാധ്യതയായി കാണിച്ചിട്ടുണ്ട്. ഈ തുക ഓഡിറ്റ് സമയത്തും അടവാക്കിയിട്ടില്ല. തുക അടിയന്തിരമായി സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അടവാക്കി വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 വിദ്യാഭ്യാസ സ്ഥാപനത്തിന് സബ്സിഡി അനുവദിച്ചത് ക്രമവിരുദ്ധം

ഗ്രാമപഞ്ചായത്തിൽ ഫിഷറീസ് ഓഫീസർ മുഖേന നടപ്പാക്കിയ മുറ്റത്തൊരു മീൻതോട്ടം(161/23) എന്ന പദ്ധതിയുടെ ഭാഗമായി പരുമല ഡി.ബി പമ്പാ കോളേജ് പ്രിൻസിപ്പൽ ശ്രീമതി ലക്ഷ്മി പരമേശ്വരൻ എന്ന വ്യക്തിക്ക് 8000/-രൂപ ആനുകൂല്യം നൽകിയത് സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്. 14-ാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖപ്രകാരം (സ.ഉ(കൈ)നമ്പർ 115/2022ത.സ്വ.ഭ.വ തീയതി28.05.22) മത്സ്യക്കൃഷിയിൽ താല്പര്യമുള്ളവരും സ്ഥലസൗകര്യം ഉള്ളവരുമായ വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും കുടുംബശ്രീ യൂണിറ്റുകൾക്കുമാണ് ടി പദ്ധതിക്ക് സബ്സിഡി അനുവദിച്ചിട്ടുള്ളത്. എന്നാൽ ദേവസ്വംബോർഡിന്റെ ഉടമസ്ഥതയിലുള്ള പരുമല പമ്പാ കോളേജിന്റെ പരിധിയിൽ സ്ഥാപിച്ചിട്ടുള്ള കുളത്തിൽ മത്സ്യക്കൃഷി നടത്തുന്നതിന് 8000 രൂപ അനുവദിച്ചത് ക്രമപ്രകാരമല്ല. സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി സബ്സിഡി അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23/25.11.23) കോളേജിൽ പ്രവർത്തിക്കുന്ന നാഷണൽ സർവീസ് സ്കീം എന്ന വിദ്യാർത്ഥികളുടെ ഗ്രൂപ്പാണ് മത്സ്യക്കൃഷി നടത്തിയതെന്ന നിർവഹണോദ്യോഗസ്ഥയുടെ മറുപടി തൃപ്തികരമല്ല. വ്യക്തിഗത പദ്ധതിയിൽ ഉൾപ്പെടുത്തി കോളേജിലെ NSS ഗ്രൂപ്പിന് ആനുകൂല്യം നൽകിയത് അംഗീകരിക്കുന്നില്ല. മാർഗ്ഗരേഖക്ക് വിരുദ്ധമായി

അനുവദിച്ച 8000/- രൂപ നിരാകരിക്കുന്നു. വിശദാംശങ്ങൾ ഖണ്ഡിക 1-35(2) ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പ്രോജക്ടിന്റെ പേര് /നമ്പർ | ലഭിച്ച തുക | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | അനുപൂരക പോഷകാഹാരം 11/23 | 150000 | 150000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ 137/23 | 71641 | 71641 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | ഭിന്നശേഷി വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് (ജനറൽ) 68/23 | 110000 | 110000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | അംഗൻവാടി സ്മാർട്ട് അങ്കണവാടി ആക്കിമാറ്റൽ | 50869 | 50869 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | പാലിന് സബ്സിഡി 115/23 | 200000 | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | ലൈഫ് മിഷൻ - ഭൂമി വാങ്ങലും ഭവന നിർമ്മാണവും - പട്ടികജാതി 65/23 | 600000 | 600000 | 0 |
| ജില്ലാ പഞ്ചായത്ത് | പാലിയേറ്റീവ് പദ്ധതി 10/23 | 499835 | 499835 | 0 |
| ജില്ലാ പഞ്ചായത്ത് | ഭിന്നശേഷി വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് (ജനറൽ) 68/23 | 142600 | 142600 | 0 |
| ജില്ലാ പഞ്ചായത്ത് | പാലിന് സബ്സിഡി 115/23 | 265657 | 265657 | 0 |
| ജില്ലാ പഞ്ചായത്ത് | അന്നപൂർണ്ണ നെൽകൃഷി 140/23 | 1050000 | 1050000 | 0 |
| ജില്ലാ പഞ്ചായത്ത് | ലൈഫ് മിഷൻ - ഭൂമി വാങ്ങലും ഭവന നിർമ്മാണവും - പട്ടികജാതി 65/23 | 1400000 | 1400000 | 0 |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് പ്രവൃത്തി നടത്തുന്നതിനായി തുക മുൻകൂർ നൽകിയിട്ടില്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-4 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര് / | ഉത്തരവ് നമ്പർ / | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻ വർഷ | ആകെ | തൻവർഷം തിരിച്ചടച്ച | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|---|

| ഉദ്ദേശ്യം | തീയതി | ബാക്കിയുണ്ടായിരുന്ന തുക | വായ്പ | | മുതൽ | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെ.യു. ആർ. ഡി.എഫ്.സി | GO(MS)68/ 18.05.18 | 7244105 | 0 | 7244105 | 1318894 | 5925211 |

## 4- 5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ സ്ഥിതി. |
|---|---|---|---|---|---|
| 1 | 2014-15 | 2-7 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി 2014-15 അപാകതകൾ |
| 2 | 2015-16 | 2-3 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി 2015-16 അപാകതകൾ |
| 3 | 2018-19 | 1-21 | 2019-20 | 1-21 | ഗ്യാസ് ക്രിമറ്റോറിയം സ്ഥാപിച്ചത് പൂർത്തിയായില്ല |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 59306467 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 35006170 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (കേന്ദ്ര-സംസ്ഥാന സർക്കാരിനുള്ള നഷ്ടം ഉൾപ്പെടെ) | 8000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

**ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരുംഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-35(2) | | 8000 | ശ്രീമതി ശില്പ പ്രദീപ് , ഫിഷറീസ് ഓഫീസർ |

**തടസ്സപ്പെടുത്തിയ തുക**

ഇല്ല

**സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ശില്പ പ്രദീപ്, ഫിഷറീസ് ഓഫീസർ | ഫിഷറീസ് ഓഫീസർ, കടപ്ര ഗ്രാമപഞ്ചായത്ത് | ശിവകൃപ മേവല്ലൂർ PO കോട്ടയം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം

| റിപ്പോർട്ട് വർഷം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | എൽ.എഫ്.പി.റ്റി.എ.പി.4/621/02 തീയതി 07-02-03 | 1, (39) |
| 2014-15 | എൽ.എഫ്.പി.റ്റി.എ. പി4-685/14 തീയതി: 23-06-16 | 1, (2-1(1)) |
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി4/1383/16 തീയതി: 03-01-17 | 3, (2-3, 3-4, 3-6) |
| 2016-17 | കെ.എസ്.എ.പി.റ്റി.എ പി-4/915 /17 തീയതി: 26-08-17 | 8, (3-1, 3-3, 3-4, 3-5, 3-6, 3-14, 3-16, 3-17) |
| 2017-18 | കെ.എസ്.എ.പി.റ്റി.എപി-4/98/19 തീയതി: 18-02-19 | 13, (3-5, 3-7, 3-11 To 3-19, 3-21, 3-22) |
| 2018-19 | കെ.എസ്.എ.പി.റ്റി.എപി4/198/20, തീയതി 15/05/20 | 12, (1-16, 1-21 To 1-27, 1-29, 1-32, 1-37, 1-41) |
| 2019-20 | കെ.എസ്.എ.പി.ടി.എ.പി4 - 837/21 തീയതി 10/01/22 | 9, (1-11, 1-14, 1-15, 1-18, 1-19, 1-22, 4-2, 4-7, 4-10) |
| 2020-21 | കെ.എസ്.എ.പി.ടി.എ.പി 4 -838/21, തീയതി 06/01/22 | 14, 1-11, 1-12, 1-13, 1-14, 1-15, 1-16, 1-18, 1-20, 1-22, 1-23, 1-24, 4-2, 4-7, 4-10 |
| 2021-22 | കെ.എസ്.എ.പി.ടി.എ.പി4-1415/22, തീയതി 28/03/23 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 28-07-2023 and submitted on 29-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the KADAPRA Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of KADAPRA Grama Panchayat for the year 2022-2023

**Date: 08/12/2023**

**Deputy Director**
**District Office Pathanamthitta**
**Kerala State Audit Department**

# Audit Report appended to the Audit Certificate of KADAPRA Grama Panchayat for the Year 2022-2023 .

**1.Major Observations**

Valuation of land assets as per balance sheet is not complete. The asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.

**2.Other Observations**

1. The mandatory financial statements such as notes on account and ratios prescribed in accounting rules are not submitted for audit

2. Cash flow statement:- Net decrease in cash flow does not match with the difference between the opening balance and closing balance of cash and cash equivalents.

3. Lapses in making timely and accurate demand entries in respect of tax and non tax revenue.

4. Lack of authenticated journal vouchers for supporting the adjustment entries recorded in Prior Period items.

5. Basic records are not kept for specific grant accounts.

6.Capital contribution- accounting is not accurate.

7.The annual summary under property tax in sanchaya software does not match with the corresponding figures in annual financial statement.

8 Life loan- account balance is not accutate

9.Huge amount given to implementing agencies in advance are not yet adjusted.

10. Wages amount of NREGS workers not recorded in Annual Financial Statement

11. Depreciation-Accounting is not correct

12. The balance amount in the liability account of joint venture projects & ICDS not reconciled with respective treasury/bank account.

13. Reconciliation of finance commission grant account is not accurate.

14. Market receipt & Rent- Accounting of demand, collection, balance & advance collection is not correct

15. Capital work in progress- accounting is not accurate.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ കടപ്ര ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്